KNANAYADEEPAM
SINCE 1989

# ക്നാനായ ദീപം

Vol: 31 / Issue: 8 August 2020 ₹ :15/-



സ്വാതന്ത്ര്യ ദിനാശംസകൾ

## ഞങ്ങളിൽ നിന്നും വേർപിരിഞ്ഞിട്ട് ഇന്നേക്ക് മൂന്നു വർഷം

30 – 08 – 2020



Advt -s

# JACOB KURUVILLA

## ARONNIL, GOLDEN EMPORIUM, RANNI

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

By Sorrowing Family

# ക്നാനായ ദീപം

SINCE 1989

2020 ആഗസ്റ്റ് പുസ്തകം 31 ലക്കം 8

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

എവിടെയാണ് വിദ്യാഭ്യാസം വഴിതെറ്റുന്നത് 09
സുനിൽ ഡി. കുരുവിള

ത്യാഗം എന്ന നേട്ടം 10
സി. ഐ. ചാക്കോ കൊച്ചുപറമ്പിൽ, നീലംപേരൂർ

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജെയിംസ് തോടത്തിൽ

മനസ്സുണ്ടെങ്കിൽ വഴിയുമുണ്ട് 18
റ്റി. സി. തോമസ് തോപ്പിൽ

കലാമത്സരം 19
ജിബു എം. മാത്യു, മറ്റത്തിൽ

ഇങ്ങനെയും ജീവിതം 20
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

രക്ഷാകര പദ്ധതിയിൽ പീഢാനുഭവത്തിന്റേയും ക്രൂശുമരണത്തിന്റേയും പ്രസക്തിയെന്ത്? 21
മല്പാനോടു ചോദിക്കാം

23 ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ
ഫാ. കുറിയാക്കോസ് ഏബ്രഹാം കിഴക്കേമുറിയിൽ,

26 മലർവാടിക്കൂട്ടം

26 ബാലദീപം ക്വിസ്

35 സന്തോഷം ലഭിക്കാനുള്ള പ്രായോഗിക വഴികൾ
സ്മിജു ജേക്കബ് മറ്റയ്ക്കാട്ട്

36 ജേക്കബ് സ്റ്റീഫൻ
റോയി മാത്യൂസ് കോർ– എപ്പിസ്ക്കോപ്പ

37 വാൾട്ട് ഡിസ്നി ഒരു ബഹുമുഖപ്രതിഭ
എബി

38 S.S.L.C., C.B.SE., ICSE, +2 എല്ലാവിഷയത്തിനും A+ ലഭിച്ചവർ

41 മാട്രിമോണിയൽ

44 ചിങ്ങത്തേരേറുന്ന പൊന്നോണക്കനവുകൾ
മീരാ കൃഷ്ണ



ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.



**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)


**Visit www. knanayadeepam.com**


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 8547584440
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# editorial



## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

കൊറോണ ബാധയും അതിനോടനുബന്ധിച്ചുള്ള നാശനഷ്ടങ്ങളും കഷ്ടതകളും പ്രവാസികളുടെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും എല്ലാം ജാതിമത ദേശ ഭാഷ വ്യത്യാസം കൂടാതെ ഉണ്ടായിരിക്കുന്ന ദുരവസ്ഥയാണ്. ഇതിനെല്ലാം അതീതനായിരിക്കുന്ന മുഴുലോകത്തിന്റെയും ഒരു ദൈവമുണ്ടെന്ന് ലോകം അറിയുകയും മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിയുകയും ചെയ്യേണ്ടതാണ്. ആ ദൈവം ഉന്നതനാണ്. ഈ ലോകത്തിന് എന്തു സംഭവിക്കുമെന്ന ആശങ്കയിലും ഭയത്തിലും ഇരിക്കുന്ന മാനവരാശിയോട് ദൈവത്തിനു പറയാനുള്ളത്; വിശ്വാസത്തോടും പ്രത്യാശയോടും മുന്നോട്ടു പോകാനാണ്. ജീവിതത്തിലെ കയ്പ് നിറഞ്ഞ അനുഭവങ്ങളിൽ അധ:പതനത്തിന്റെ ചിന്തകൾ നിറഞ്ഞ മാനസികാവസ്ഥയിൽ കഴിയുന്നവരെ, കൊറോണ കാലത്തുണ്ടായ അനുഭവങ്ങളിൽനിന്ന് കരകയറുന്നതെങ്ങനെയെന്ന് ചിന്തിക്കുന്നവരെ എഴുന്നേൽക്ക പുത്തൻ പ്രതീക്ഷയോടെ ഭാവിയെ നോക്കി പുഞ്ചിരിച്ചുകൊണ്ട് ക്രിസ്തുവിന്റെ അടുക്കലേക്കു ചെല്ലുക. കർത്താവ് വഴി തുറക്കുകയും സ്ഥിതിക്ക് മാറ്റം വരുത്തുകയും ചെയ്യുമെന്നതിന് യാതൊരു സംശയവുമില്ല. ആദ്യന്തനും ജീവനുള്ളവനുമായ ക്രിസ്തു ഉണ്ടെന്ന് മനസ്സിലാക്കുന്നതുകൊണ്ട് മാത്രമായില്ല, ആ ക്രിസ്തുവിനെ സ്വജീവിതത്തിലേക്ക് കൊണ്ടുവന്നു ജീവിതത്തിന്റെ കെട്ടുപണികളെ അവന്റെ ഇഛക്കനുസൃതമായി ചെയ്തു തീർക്കുക എന്നതാണ് ഓരോ ക്രിസ്ത്യാനിയുടെയും കടമ.

നിരന്തരമായി മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ഇളകാത്തപാറപോലെ ഉറപ്പായിട്ടുള്ള ക്രിസ്തു എന്ന മഹാശക്തിയുണ്ട്. ആ പാറ വർഷങ്ങളായി കൊടുങ്കാറ്റിൽ നിന്നും പേമാരിയിൽനിന്നും, സൂര്യതാപത്തിൽ നിന്നും കൊടിയ ആപത്തുകളിൽ നിന്നും, തീരാരോഗങ്ങളിൽനിന്നും മനുഷ്യർക്ക് രക്ഷ നൽകുന്ന സങ്കേതമായി തീർന്നിരിക്കുന്നു. ക്രിസ്തു ഇന്നലെയും ഇന്നും എന്നന്നേക്കും അനന്യൻ തന്നെ. ഈ ക്രിസ്തുവിനെ നാം രക്ഷകനായി അംഗീകരിക്കുമ്പോൾ അവൻ ജീവിതത്തിലെ ഒരു അപരിത്യാജ ഘടകമായിത്തീരുന്നു. യേശുവിന്റെ ഇഹലോകവാസകാലത്ത് അവനെ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്തവർ സകലവും പരിത്യജിച്ച് അവനെ അനുഗമിച്ചതിൽ ദുഃഖിതരായില്ല. അവന്റെ വാഗ്ദത്തങ്ങളിൽ അവൻ വിശ്വസ്ഥനാണെന്ന് അവർക്ക് ബോദ്ധ്യപ്പെട്ടു. ഈ ഞാനുൾപ്പെടെ വിവിധ ജീവിതരംഗങ്ങളിലുള്ള സംഖ്യയറ്റ ക്രിസ്തീയ വിശ്വാസികൾ ക്രിസ്തുവിന്റെ ജീവിക്കുന്ന യഥാർത്ഥ്യത്തിന് ഇന്ന് സാക്ഷ്യം വഹിക്കുന്നു. യേശു ക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും ജീവിക്കുന്നു എന്ന വലിയ ഉറപ്പ് അവർ കണ്ടെത്തിയിരിക്കുന്നു. യേശുക്രിസ്തു എന്റെ പാറയാകുന്നു, ഇന്നും എന്നന്നേക്കും തന്നെ.

യേശുക്രിസ്തുവിന്റെ നാമം പറയുകയും പ്രസംഗിക്കുകയും ചെയ്യുന്നവർ എന്ന പേരിൽ എല്ലാവരും സത്യക്രിസ്ത്യാനികളല്ല. അങ്ങനെയെങ്കിൽ നീ ദൈവത്തിന്റെ പുത്രനായ മിശിഹാ തന്നെ എന്ന് ഏറ്റു പറഞ്ഞ പിശാചുക്കളും ക്രിസ്ത്യാനികളാണെന്നു സമ്മതിച്ചേ തീരു. (മത്താ. 8:29) സത്യവിശ്വാസത്തിൽ ജീവിക്കുകയും സത്യവിശ്വാസമുള്ള (Orthodox faith) സഭയിലെ വി.കൂദാശകൾ അനുഭവിക്കുകയും ചെയ്തു. യേശു ക്രിസ്തുവിന്റെ സ്വഭാവത്തിൽ ക്രിസ്തുവിൽ ജീവിക്കുന്നവരാണ് യഥാർത്ഥ ക്രിസ്ത്യാനികൾ.

യഥാർത്ഥ കൈവെപ്പും പിൻതുടർച്ചയും വി. കൂദാശകളുമില്ലാത്തവരുമായി നമുക്ക് ഒരു ബന്ധവുമില്ല. വേഷംകൊണ്ട് കൈവെപ്പു കിട്ടുകയില്ല. കർത്താവ് അപ്പോസ്തോലന്മാർക്കും, അപ്പോസ്തോലന്മാർ മേല്പട്ടക്കാർക്കും, മേൽപ്പട്ടക്കാർ പട്ടക്കാർക്കും നൽകുന്ന ഇടമുറിയാത്ത കൈവെപ്പ് ഇല്ലാതെ 40 ദിവസം ഉപവസിച്ചപ്പോൾ കർത്താവ് എന്നെ അഭിഷേകം ചെയ്തു എന്നു പറഞ്ഞു നടക്കുന്ന വേഷധാരികൾ നടത്തുന്ന ശുശ്രൂഷകളിൽ പങ്കുകൊള്ളാമെങ്കിൽ അവറാച്ചനും, ചാക്കോച്ചനും ഓരോ കുപ്പായം ഇട്ടുകൊണ്ട് ഒരു ശുശ്രൂഷ നടത്തിയാലും അതിൽ പങ്കുകൊണ്ട് ആമ്മീൻ പറയുന്നതിൽ തെറ്റില്ല. അതുകൊണ്ട് സത്യവിശ്വാസികളും അല്ലാത്തവരും തമ്മിലുള്ള വ്യത്യാസം എന്തെന്നോ വിശ്വാസത്തിൽ നിന്നു തെറ്റിപ്പോയാൽ വരാവുന്ന ആത്മീക അധ:പതനം എന്തെന്നോ വിവേചിപ്പാൻ പലർക്കും കഴിവില്ല. ഭാവിയിലെ വി. സഭ കരുതലോടെ വിശ്വാസം പഠിക്കുകയും അനീതിക്കും അവിശ്വാസത്തിനും അഭക്തിക്കും എതിരായി സമരം ചെയ്യുകയും വേണം. യേശുവിന് സഹിക്കാൻ വയ്യാത്ത ഒരു കാര്യമായിരുന്നു, ജീവിതത്തെ ഒരു അഭിനയമാക്കി മാറ്റുന്ന രീതിയിലുള്ള ആത്മീകത. മനുഷ്യനെ കബളിപ്പിക്കാൻ കുറയൊക്കെ കഴിയും. എന്നാൽ സകലവും അറിയുന്ന ദൈവത്തെ കബളിപ്പിക്കുക സാധ്യമല്ല. മനുഷ്യൻ മുഖം നോക്കുന്നു. ദൈവം അന്തരംഗത്തേയും.

യാഥാർത്ഥ്യത്തിന്റെ അഭാവമാണ് വി. സഭയുടെ പരാജയത്തിനു കാരണം. വിശ്വാസം വളരെ കുറഞ്ഞ ഒരു തലമുറയാണ് ഇന്നുള്ളത്. മത വിരോധികളായി തീരുന്നതിന്റെ ഒരു കാരണം സഭയിലും സമുദായത്തിലും അവർ കാണുന്ന പല തരത്തിലുള്ള അനീതിയും ആത്മാർത്ഥതയില്ലായ്മയുമാണ്. പ്രസംഗവും വിശ്വാസവും ആചാരങ്ങളുമെല്ലാം ഒരു വശത്ത് അവയോട് പൊരുത്തമില്ലാത്ത ജീവിതവും പ്രവർത്തിയും മറു വശത്ത്. ഈ വിരോധാഭാസമാണ് യുവജനങ്ങളെ സഭയിലേക്ക് ആകർഷിക്കുന്നതിനു തടസ്സമായി നിൽക്കുന്ന തടങ്കൽ പാറ. യേശു പഠിപ്പിച്ച സ്നേഹ സന്ദേശവും ഉപദേശവും ഒന്നും സഭാ നേതാക്കന്മാരിൽ കാണുന്നില്ല. സഹോദരനോട് നിരപ്പായ ശേഷം വിശുദ്ധ കുർബ്ബാന ചൊല്ലാവു എന്ന് കർത്താവ് പഠിപ്പിക്കുമ്പോൾ സഹോദരനെതിരായി പാരപണിതുകൊണ്ട് വി. കുർബ്ബാന അർപ്പിക്കുന്ന മതമേലദ്ധ്യക്ഷന്മാരും പുരോഹിതന്മാരും നിറഞ്ഞു നിൽക്കുന്ന സഭ. കഴമ്പില്ലാത്ത ചില ആചാരാനുഷ്ഠാനങ്ങളും, അധരസേവയായ

*ശേഷം 8 – ാം പേജിൽ*

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



ഓഗസ്റ്റ് 15 സുറിയാനിസഭ ഭാഗ്യവതിയും പരിശുദ്ധയുമായ ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ ആചരിക്കുന്നു. സഭയിലെ പതിനഞ്ചുനോമ്പാചരണം, വാങ്ങിപ്പ് പെരുന്നാൾ ആചരണത്തോടെയാണ് അവസാനിക്കുന്നത്.

വി. ദൈവമാതാവ് 'ഉടലോടെ അംബരമാർന്നു' എന്നാണ് സുറിയാനി സഭ വിശ്വസിക്കയും പഠിപ്പിക്കയും ചെയ്യുന്നത്. ദൈവത്തിന്റെ മാതാവായ വിശുദ്ധ കന്യകമറിയം ഒരു സാധാരണ വ്യക്തിയെപ്പോലെ മരിച്ചു. കാരണം ഏതു മനുഷ്യനും ഒരിക്കൽ മരിച്ചേ മതിയാകൂ. അതു ദൈവിക നീതിയാണ്. ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യന് നിയമിച്ചിരിക്കയാൽ........(എബ്രാ.9:27).

കന്യകമറിയാമിൽ നിന്നു ശരീരം പ്രാപിച്ച പുത്രനാം ദൈവത്തിന്റെ ശരീരം ദ്രവത്വം കാണ്മാൻ പിതാവാം ദൈവം അനുവദിക്കാതിരുന്ന പ്രകാരം (സങ്കീ.16:10) തനിക്കു ശരീരം നല്കിയ തന്റെ മാതാവിന്റെ ശരീരം ദ്രവത്വം കാണ്മാൻ പുത്രനാം ദൈവവും അനുവദിച്ചില്ല എന്നതാണു സത്യം.

ശ്ലീഹന്മാർ മാതാവിന്റെ ശവസംസ്ക്കാര ശുശ്രൂഷ നടത്തി. സ്വർഗ്ഗീയ സൈന്യങ്ങൾ മാതാവിനെ സ്വർഗ്ഗത്തിലേക്കു ആനയിക്കുമ്പോൾ തോമ്മാശ്ലീഹാ ഭാരതത്തിലായിരുന്നു. എത്യോപ്യയിലേക്കുള്ള യാത്രയിൽ ഷണ്ഡനെ സ്നാനപ്പെടുത്തിയ പീലിപ്പോസിനെ പരിശുദ്ധാത്മാവ് ശമര്യയിലേക്കു കൊണ്ടുപോയതു പോലെ (അപ്പോ. പ്ര. 8:34) തോമ്മാശ്ലീഹായെ ആത്മാവ് ശ്ലീഹന്മാരുടെ അടുക്കലേയ്ക്ക് കൊണ്ടുപോയി. ആ യാത്രയിൽ മാലാഖമാരാൽ പറുദീസയിലേക്കു നയിക്കപ്പെടുന്ന ദൈവമാതാവിനെ ആയാറിൽവച്ചു തോമ്മാശ്ലീഹാ കാണുകയും അടയാളമായി ഇടക്കെട്ടു ശ്ലീഹായ്ക്കു സമ്മാനിക്കയും ചെയ്തു. മറ്റു ശ്ലീഹന്മാരുടെ അടുക്കൽ എത്തിയ തോമ്മാശ്ലീഹാ തന്റെ യാത്രയിൽ സംഭവിച്ച കാര്യങ്ങളൊക്കെയും അവരെ അറിയിക്കയും ശ്ലീഹന്മാർ ദൈവമാതാവിന്റെ വാങ്ങിപ്പ് ഉറപ്പാക്കയും ചെയ്തു. ഇതാണു സഭയുടെ പാരമ്പര്യം.

ഈ സംഭവത്തിനു വേദത്തെളിവുകളുണ്ടോ എന്നു ചോദിച്ചാൽ, പ്രത്യക്ഷമായ തെളിവില്ലെങ്കിലും, പരോക്ഷമായ തെളിവുണ്ട്.

ആരാധനയുടെ നിയമം ദൈവം മോശയിലൂടെ ജനത്തിനു കൊടുക്കുമ്പോൾ, ദൈവാലയവും, അതിന് അതിവിശുദ്ധസ്ഥലം, വിശുദ്ധസ്ഥലം, പ്രാകാരം എന്ന മൂന്നു ഭാഗങ്ങളും ഉണ്ടായിരിക്കണമെന്നു ദൈവം കല്പിച്ചു. വി.സ്ഥലത്തെയും, അതിവിശുദ്ധ സ്ഥലത്തെയും വേർതിരിക്കുന്ന തിരശ്ശീലയ്ക്കകത്തു മന്നാ നിക്ഷേപിച്ച ചെപ്പും, അഹറോന്റെ കിളിർത്തവടിയും, പത്തു കല്പനകൾ എഴുതിയ കല്പലകകളും ഉൾക്കൊള്ളുന്ന നിയമപെട്ടകം സ്ഥാപിക്കണമെന്നും ദൈവം കല്പിച്ചു. (പുറപ്പാട്:25:8-22) ഈ നിയമപെട്ടകം വിശുദ്ധ കന്യകമറിയാമിന്റെ നിഴലായിരുന്നു എന്നാണ് സഭ പഠിപ്പിക്കുന്നത്. യെറുശലേം ദൈവാലയത്തിന്റെ നാശം വരെയും ഈ നിയമപെട്ടകം ദൈവാലയത്തിലുണ്ടായിരുന്നു. പിന്നീടതിനെക്കുറിച്ച് യാതൊരു അറിവും ഇല്ല. എന്നാൽ പത്മോസ് ദ്വീപിൽവച്ച് യോഹന്നാൻ ശ്ലീഹായ്ക്കു സ്വർഗ്ഗീയ ദർശനം ഉണ്ടാകുമ്പോൾ ഈ നിയമപെട്ടകം സ്വർഗ്ഗത്തിലെ ദൈവാലയത്തിൽ കാണുന്നു.

''അപ്പോൾ സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നു. അവന്റെ നിയമപ്പെട്ടകം അവന്റെ ആലയത്തിൽ പ്രത്യക്ഷമായി. മിന്നലും നാദവും ഇടിമുഴക്കവും ഭൂകമ്പവും വലിയ കന്മഴയും ഉണ്ടായി (വെളി.11:19). വെളി. 12:1-6 വരെയുള്ള വാക്യങ്ങൾ പഠിച്ചാൽ സ്വർഗ്ഗത്തിൽ കാണുന്ന സൂര്യനെ അണിഞ്ഞ സ്ത്രീയുടെ വിവരണങ്ങൾ എല്ലാം കന്യകമറിയാമിനെ സൂചിപ്പിക്കുന്നവയാണെന്നും ഏതൊരു സുറിയാനി ക്രിസ്ത്യാനിക്കും മനസ്സിലാകും.

ദൈവഹിതാനുസരണത്തിലൂടെ ദൈവത്തിനു മാതാവായിത്തീർന്ന കന്യകമറിയാമിന്റെ ഓർമ്മ നമുക്കേവർക്കും വാഴ്വിനായിത്തീരട്ടെ. അവളുടെ പ്രാർത്ഥനകൾ നമുക്കു കോട്ടയും കാവലുമായിത്തീരുകയും ചെയ്യട്ടെ.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**
**മെത്രാപ്പോലീത്താ**



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട ക്നാനായ സമുദായ അംഗങ്ങളെ, നമ്മുടെ സമുദായത്തിൽ ശാശ്വത സമാധാനം ഉണ്ടാകുന്നതിനു വേണ്ടി ക്നാനായ കമ്മിറ്റിയും വൈദിക കൗൺസിലും ആത്മാർത്ഥമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇതുവരെയും ഫലപ്രാപ്തിയിൽ എത്താൻ നമുക്ക് സാധിച്ചിട്ടില്ല. യാക്കോബായ സഭയുടെ എപ്പിസ്കോപ്പൽ സിനഡ് സെക്രട്ടറി അഭി. തോമസ് മോർ തീമോത്തിയോസ് തിരുമേനി ഈ കാര്യത്തിൽ ഇടപെട്ടു ചില ചർച്ചകൾ നടക്കുന്നുണ്ട്. അത് ഫലപ്രാപ്തിയിൽ എത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

09-07-2020 ൽ റവ. ഫാ. വി. എ. ഏബ്രഹാം കശ്ശീശായുടെ അദ്ധ്യക്ഷതയിൽ കൂടിയ ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിയുടെ പ്രധാനപ്പെട്ട ചില തീരുമാനങ്ങൾ സമുദായാംഗങ്ങളെ അറിയിക്കുന്നു. റവ. ഫാ.ഡോ. എ. റ്റി ഏബ്രഹാം കശ്ശീശായ്ക്ക് ശാരീരികമായി ചില ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ അസ്സോസിയേഷൻ പ്രസിഡന്റ് സ്ഥാനം തുടരുവാൻ സാധിക്കുകയില്ല എന്ന് അറിയിച്ചുകൊണ്ട് അച്ചൻ രാജിക്കത്ത് തരികയുണ്ടായി. അത് കമ്മിറ്റിയിൽ വായിച്ച് അടുത്ത അസോസിയേഷനിൽ പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചു.

15-06-2020 ൽ കൂടിയ ക്നാനായ മാനേജിംഗ് കമ്മിറ്റി മീറ്റിംഗിനുശേഷം തിരികെപോയ കമ്മിറ്റി അംഗം ശ്രീ.വില്ലി വടാമറ്റത്തെ കുറച്ച് ആളുകൾ സെമിനാരി മുറ്റത്തു തടഞ്ഞുനിർത്തി കയർക്കുകയുണ്ടായതിലുള്ള പ്രതിഷേധം രേഖപ്പെടുത്തുകയും ഭാവിയിൽ ഇങ്ങനെ ഉണ്ടാകാതിരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചു. ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി കൂടുന്ന ദിവസങ്ങളിൽ സെമിനാരിയുടെ മുറ്റത്ത് കുറച്ച് ആളുകൾ കൂടി സമുദായഭാരവാഹികൾക്കും കമ്മിറ്റി അംഗങ്ങൾക്കും സമുദായത്തിനും എതിരായി പ്രതിഷേധ മുദ്രാവാക്യങ്ങൾ മുഴക്കി സെമിനാരിയുടെയും മാനേജിംഗ് കമ്മിറ്റിയുടെയും പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു അവർ ഇനിയും ഇത് ആവർത്തിക്കാതെ ഇരിക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് പരാതി കൊടുക്കുന്നതിനും അധികാരികൾ അനുകൂലമായ നടപടികൾ സ്വീകരിക്കുന്നില്ല എങ്കിൽ കോടതി വഴി ലീഗൽ നടപടികൾ എടുക്കുന്നതിനും തീരുമാനിച്ചു. ക്നാനായ അസോസിയേഷൻ കൂടിയ മീറ്റിംഗുകൾ ക്യാൻസൽ ചെയ്യണമെന്നും അവിടെ എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കരുതെന്നും ആവശ്യപ്പെട്ടു കൊടുക്കുന്ന കേസുകളും സമുദായത്തിനെതിരെ കൊടുക്കുന്ന കേസുകളും ഫലപ്രദമായി നടത്തുന്നതിന് തീരുമാനിച്ചു.

ക്നാനായ കമ്മിറ്റി ക്നാനായ അസോസ്സിയേഷൻ ഭരണഘടനപ്രകാരം ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ടവരാണ്. ആ കമ്മിറ്റി മീറ്റിംഗ് കൂടുന്ന ദിവസങ്ങളിൽ കുറെ ആളുകൾ സമുദായ മെത്രാപ്പോലീത്താ താമസിക്കുന്ന ഒരു Monastery യുടെ മുമ്പിൽ മണിക്കൂറുകൾ കൂടി നിന്നു മുദ്രാവാക്യം മുഴക്കി ഈ പുരാതന സമുദായത്തെ ലോകത്തിന്റെ മുമ്പിൽ അപകീർത്തിപ്പെടുത്തുന്നത് ക്നാനായ സംസ്കാരത്തിന് ഒട്ടും ചേർന്നതല്ല എന്ന് വളരെ ഖേദത്തോടെ സമുദായ അംഗങ്ങളെ അറിയിക്കുന്നു.

ക്നാനായ സമുദായത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമാണ് ക്നാനായദീപം മാഗസിൻ. സമുദായ സെക്രട്ടറി ദീപത്തിൽകൂടി നുണപ്രചരണം നടത്തുന്നു എന്ന ആരോപണവുമായി ചില ആളുകൾ രേഖാമൂലവും സോഷ്യൽ മീഡിയായിൽ കൂടിയും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ആയതിന്റെ സത്യാവസ്ഥ സമുദായ അംഗങ്ങളെ അറിയിക്കുവാൻ ബാധ്യസ്ഥനാണ്.

നിലവിലുള്ള ക്നാനായ കമ്മിറ്റി വന്നപ്പോൾ സമുദായ വാർത്തകൾ എന്ന ഒരു പംക്തി ക്നാനായ ദീപത്തിൽ തുടങ്ങണമെന്നും, ഓരോ മാസത്തെയും പ്രധാനപ്പെട്ട വാർത്തകൾ സമുദായ അംഗങ്ങളുടെ അറി

വിലേക്കായി പ്രസിദ്ധീകരിക്കണമെന്ന് കമ്മിറ്റി തീരുമാനിക്കുകയും, അത് സമുദായ സെക്രട്ടറി തന്നെ നിർവ്വഹിക്കണമെന്നും ഉണ്ടായ തീരുമാനം അനുസരിച്ച് ഓരോ കമ്മിറ്റിയിലും നിർണ്ണയിക്കുന്ന വസ്തുതകൾ ആണ് സത്യസന്ധമായി ക്നാനായ ദീപത്തിൽ പ്രസിദ്ധീകരിക്കുന്നത്. അത് എന്റെ ഇഷ്ടാനുസരണം എഴുതുന്നതല്ല എന്ന് അസന്നിഗ്ദ്ധമായി പറഞ്ഞുകൊള്ളട്ടെ. സുതാര്യത മുഖമുദ്ര ആക്കി പ്രവർത്തിക്കുന്ന ഒരു കമ്മിറ്റി, അതിന്റെ പ്രവർത്തനങ്ങൾ ജനങ്ങളെ അറിയിക്കുന്നത് ചുരുക്കം ചില ആളുകളെ അലോസരപ്പെടുത്തുന്നു എന്ന് അറിയാം. മുൻകാലത്ത് ഇങ്ങനെ ഒരു പംക്തി ഉണ്ടായിരുന്നുവെങ്കിൽ സമുദായ വാർത്തകൾ ജനങ്ങൾ അറിഞ്ഞേനെ. സമുദായ വാർത്തകൾ പ്രസിദ്ധീകരിക്കുന്നതുകൊണ്ട് സമുദായ അംഗങ്ങൾ ബഹുഭൂരിപക്ഷം ആൾക്കാരും അവരുടെ കൃതജ്ഞതയും നിർദ്ദേശങ്ങളും അഭിനന്ദനങ്ങളും വ്യക്തിപരമായി വിളിച്ചു എന്നെ അറിയിക്കുന്നുമുണ്ട്.

ആരോപണങ്ങൾ മാത്രം ഉന്നയിക്കുന്നവരോട് ലബനോൻ ചർച്ചയുടെ പ്രസക്തമായ ചില കാര്യങ്ങൾ ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു.

പരി. പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ ലബനോനിൽ നടന്ന ചർച്ചയുടെ ചുരുക്കം.

അസോസ്സിയേഷനിൽ എടുത്ത തീരുമാനപ്രകാരം അമേരിക്കയിലെ പ്രശ്നപരിഹാരത്തിന് ഒരു കമ്മീഷനെ അമേരിക്കയിൽ അയയ്ക്കും എന്നും, കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരി. പാത്രിയർക്കീസ് ബാവാ തീരുമാനമെടുക്കുമെന്നുമാണ് ഒരു തീരുമാനമുണ്ടായത്.

രണ്ടാമത്തെ തീരുമാനം മലങ്കരയിലെ പ്രശ്ന പരിഹാരത്തിന് വേണ്ടി ഒരു കമ്മീഷനെ ഇങ്ങോട്ട് അയക്കുമെന്നും അവർ ഇവിടെ വന്ന് അഭി. തിരുമേനിമാരുമായും, ക്നാനായ കമ്മറ്റിയുമായും, വൈദിക ശ്രേഷ്ഠരുമായും ഒക്കെ ചർച്ച ചെയ്തതിന് ശേഷം ഒരു റിപ്പോർട്ട് പരിശുദ്ധ ബാവായ്ക്ക് സമർപ്പിക്കും. അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടിലെ കാര്യങ്ങൾ സമുദായ മെത്രാപ്പോലീത്തായുമായി ചർച്ച ചെയ്തതിനുശേഷം റിപ്പോർട്ടിന്മേൽ ഒരു തീരുമാനം ബാവാ സ്വീകരിക്കുമെന്നുമാണ്.

കൂടാതെ, ഇരുകൂട്ടരുടെയും കയ്യിൽനിന്ന് അവരവരുടെ ആവശ്യങ്ങൾ എന്തൊക്കെയാണ് എന്ന് ബാവ എഴുതി വാങ്ങുകയും ചെയ്തു. ചർച്ചയിൽ ബാവ കൽപ്പിക്കുകയുണ്ടായി "നിങ്ങൾ ചർച്ച ചെയ്ത കാര്യങ്ങൾ പരിഹരിക്കുകയാണ് എങ്കിൽ എനിക്ക് വലിയ സന്തോഷമേയുള്ളു" എന്നും, അതനുസരിച്ച് അവിടെ വച്ചുതന്നെ സമുദായ ട്രസ്റ്റിയും അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനിയും ചർച്ചക്ക് തുടക്കമിടുകയും ചെയ്തു എന്നതാണ് വസ്തുത. ഈ സത്യങ്ങൾ ലബനോൻ ചർച്ചയിൽ പങ്കെടുത്ത ആരും നിഷേധിക്കും എന്ന് എനിക്ക് തോന്നുന്നില്ല. അതിന്റെ തുടർച്ചയായി പല പ്രാവശ്യം ചർച്ചകൾ നടത്തിയിട്ടുണ്ട്. ആ ചർച്ചകൾ ഒന്നുംതന്നെ ഫലപ്രദമായില്ല എന്നാണ് ഞാൻ ക്നാനായ ദീപത്തിൽ എഴുതിയത്.

13/12/2019 ലെ പരി. ബാവായുടെ കൽപന അസോസ്സിയേഷനിൽ വയ്ക്കണം എന്ന് പരിശുദ്ധ ബാവായുടെ നമ്പർ E1 89 /19 dated 26/12/2019 ലെ ഒരു കൽപ്പന സമുദായ മെത്രാപ്പോലീത്തായ്ക്കും, കോപ്പി രണ്ട് സഹായ മെത്രാപ്പോലീത്താമാർക്കും അയച്ചിട്ടുണ്ട് അതിൽ പറയുന്നത്.

"The implementation of the direction in our Bull No. 82/19 dated 13-12-2019 we welcome the association meetting scheduled for 28 January 2020 and expect that the association will incorporate our direction the Bull mentioned above in the Knanaya constitution'' എന്നാണ്.

പരി. ബാവ ഭരണഘടനയും, അസോസ്സിയേഷനും അംഗീകരിക്കുന്നത് കൊണ്ടല്ലേ ഇങ്ങനെ ഒരു കല്പന തന്നത്? ഈ കൽപ്പന സമുദായ മെത്രാപ്പോലീത്ത ക്നാനായ കമ്മറ്റിക്ക് ഫോർവേഡ് ചെയ്തു തന്നു.

പരി. ബാവാ ഈ കൽപന പുറപ്പെടുവിച്ചതുകൊണ്ടാണ് 15 നിർദ്ദേശങ്ങളും മലയാളത്തിലാക്കി, അസോസ്സിയേഷൻ നോട്ടീസിൽ ക്നാനായ കമ്മറ്റിയുടെ തീരുമാനപ്രകാരം അസോസ്സിയേഷൻ അംഗങ്ങൾക്ക് അയച്ചുകൊടുത്തത്. പരി. ബാവായുടെ കൽപ്പനയിലെ ചില കാര്യങ്ങൾ നിലവിലുള്ള ക്നാനായ ഭരണഘടനയിൽ ഇല്ലാത്തതിനാൽ ചെറിയ ഭേദഗതിയോടു കൂടി കമ്മിറ്റിയുടെ അഭിപ്രായം അസ്സോസിയേഷനിൽ വായിക്കുകയും രേഖാമൂലം അറിയിക്കുകയും ചെയ്തു. ഇത് അസ്സോസിയേഷൻ വോട്ട് ഇട്ട് പാസാക്കി. ഇതാണ് വസ്തുത.

വൈദികരുടെ ലിസ്റ്റ് മേഖല മെത്രാപ്പോലീത്തമാർക്ക് കൊടുത്തുവെങ്കിലും തുടർനടപടികൾ കോടതി സ്റ്റേ ചെയ്തു എന്നത് വസ്തുതമാത്രമാണ്.

കൂടാതെ, ഞങ്ങൾ നിലവിലുള്ള വൈദിക ശമ്പളം ഇദംപ്രഥമായി 60% മുതൽ 80% വരെ വർദ്ധിപ്പിച്ച കാര്യവും വിസ്മരിക്കരുത്.

ക്നാനായ കമ്മിറ്റിയോ, സമുദായ നേതൃത്വമോ ഒരു കേസും ഇന്നുവരെ ആർക്കും എതിരായി കൊടുത്തിട്ടില്ല. സമുദായ അംഗങ്ങൾ വ്യക്തിപരമായി കേസ് കൊടുക്കുന്നതുമായി ക്നാനായ കമ്മിറ്റിക്ക് ഒരു ബന്ധവുമില്ല.

സമുദായ അംഗങ്ങളെ, നമ്മുടെ സമുദായത്തെയും സമുദായത്തിന് ഉള്ള സ്ഥാപങ്ങളേയും അപകീർത്തിപ്പെടുത്തിക്കൊണ്ട് സ്ഥിരമായി സോഷ്യൽ മീഡിയായിൽ ചില തൽപരകക്ഷികൾ അവാസ്തവങ്ങളായ വാർത്തകൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത് വളരെ വേദനാജനകമാണ്. ക്നാനായ സമുദായ സെക്രട്ടറി എന്ന നിലയിൽ സമുദായത്തിനും അതിന്റെ ഒരു സ്ഥാപനവുമായി ബന്ധപ്പെട്ട ആരോപണങ്ങൾ വരുമ്പോൾ അതിന്റെ സത്യാവസ്ഥ സമുദായ അംഗങ്ങളെ അറിയിക്കുവാനുള്ള എന്റെ കടമ ഞാൻ നിർവഹിക്കുന്നു.

ചിങ്ങവനം ക്ലീമീസ് സ്കൂളിന്റെ പ്ലേഗ്രൗണ്ടിൽ മതിലിനോട് ചേർന്ന് നിന്നതുമായ തേക്കു വെട്ടി മാറ്റേണ്ടിയ സാഹചര്യം അറിയിക്കട്ടെ.

CBSE നിബന്ധനകൾക്ക് അനുസൃതമായി സ്കൂളിന്റെ പ്ലേഗ്രൗണ്ടിന് വിസ്തീർണ്ണം ഉണ്ടായിരിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡൽഹിയിൽ CBSE Affiliation ഓഫീസിൽ നിന്ന് വന്ന കത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളിന്റെ അഫിലിയേഷൻ നഷ്ടപ്പെടാതിരിക്കാൻ ആവശ്യമായ ക്രമീകരണം ചെയ്യുന്നതിനു വേണ്ടിയും തന്നെയുമല്ല മതിലിനോട് ചേർന്ന് നിൽക്കുന്ന തേക്കിന്റെ വേര് ഇറങ്ങി മതിൽ മറിഞ്ഞ് അടുത്ത് താമസിക്കുന്ന ആളിന്റെ കെട്ടിടത്തിൽ വീഴുമെന്ന് അയൽവാസിയുടെ പരാതിയുടെ അടിസ്ഥാനത്തിലും കൊച്ചുകുട്ടികളുടെ ദേഹത്ത് തേക്കിന്റെ ഇലയിൽനിന്ന് പുഴു വീഴുന്നു എന്നുള്ള രക്ഷിതാക്കളുടെ പരാതിയുടെ അടിസ്ഥാ

നത്തിലും സ്കൂളിന്റെ ഗവേണിംഗ്ബോർഡ് കൂടി തടസ്സ മായി നിൽക്കുന്ന തേക്കുകൾ മാത്രം വെട്ടി മാറ്റുന്നതിന് ഗവേണിംഗ് ബോർഡ് തീരുമാനിച്ചു.

ആയതിന്റെ അടിസ്ഥാനത്തിൽ ക്നാനായ ദീപത്തിൽ തേക്ക് വിൽക്കുന്നതിനുവേണ്ടി ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം 22/3/2019 ൽ കൊടുക്കുകയും 2019 ഏപ്രിൽ മാസം ഇറങ്ങിയ ക്നാനായ ദീപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. കൂടാതെ സമുദായ ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും പല തടിമില്ലുകാരേയും ഫോണിൽ കൂടി ബോർഡ് അംഗങ്ങൾ വിളിച്ച് അറിയിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 5000 രൂപ നിരദ്രവ്യം കെട്ടിവെച്ചുകൊണ്ട് 2019 ഏപ്രിൽ മാസം 29-ാം തീയതി ഉച്ചക്ക് 12 മണിക്ക് സീൽഡ് ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായി.

ടി ദിവസം എട്ടു ക്വട്ടേഷനുകൾ ലഭിക്കുകയും ഏറ്റവും കൂടിയ തുകയ്ക്കുള്ള ക്വട്ടേഷൻ കിട്ടിയ ആളിനോട് പല പ്രാവശ്യം നെഗോഷിയേറ്റ് ചെയ്താണ് ക്വട്ടേഷൻ ഉറപ്പിച്ചത്. ഇത്രയും സുതാര്യമായി നടത്തിയ വിൽപ്പനയിൽ എവിടെയാണ് അഴിമതി എന്ന് അറിയില്ല. ഏതൊരു സമുദായ അംഗത്തിനും ഓഫീസിൽ വന്നാൽ ഈ രേഖകൾ പരിശോധിക്കാവുന്നതാണ്.

ഒരു ആരോപണം ഉന്നയിക്കുമ്പോൾ അതിനുള്ള തെളിവുകൾ കൂടി കാണിക്കുവാൻ ഉന്നയിക്കുന്ന ആളിന് ബാധ്യത ഉണ്ട്. സമുദായ സ്ഥാപനത്തെയും ജനങ്ങളുടെ മധ്യത്തിൽ അപകീർത്തിപ്പെടുത്തുന്നത് ആർക്കും ഭൂഷണമല്ല എന്ന് ഓർപ്പിക്കുന്നു.

വിസ്താര ഭയത്താൽ നിർത്തുകയാണ് ക്നാനായ കമ്മിറ്റിയുടെ തീരുമാനം സമുദായ അംഗങ്ങളെ അറിയിക്കുക എന്ന ഒരു ചുമതലയാണ് കമ്മിറ്റി എന്നെ ഏല്പിച്ചിരിക്കുന്നത്. സത്യസന്ധമായി ആണ് അത് ഞാൻ നിറവേറ്റുന്നത്. സത്യസന്ധമല്ലെങ്കിൽ കമ്മിറ്റി അംഗങ്ങൾ തന്നെ അതിനെ നിഷേധിക്കുമല്ലോ.

സമുദായത്തിലെ ശാശ്വതസമാധാനത്തിനുവേണ്ടി ഞങ്ങൾ ശ്രമിക്കും. അഭി. മോർ ക്ലീമ്മീസ് തിരുമേനിയുടെ അവസാന നാളുകളിലെ ലിഖിതങ്ങളാണ് അതിനുള്ള പ്രചോദനം തരുന്നത്. അതേ വാക്കുകൾ ഇവിടെ ഉദ്ധരിക്കട്ടെ "സുപ്രീം കോടതി അംഗീകരിച്ച ക്നാനായ ഭരണഘടനയും, ക്നാനായ അസ്സോസിയേഷനും, അന്ത്യോഖ്യാബന്ധവും, നമ്മുടെ ഉൾഭരണ സ്വാതന്ത്ര്യവും" ഈ നാല് കാര്യത്തിൽ ഉറച്ച് നിൽക്കും എന്ന് അറിയിച്ചുകൊണ്ട് നിർത്തുന്നു.

ദൈവത്തിന്റെ അദൃശ്യകരങ്ങൾ ഈ സമുദായത്തിന്റെ മേൽ ഉണ്ട്. സൂര്യനും ചന്ദ്രനും ഉള്ളിടത്തോളം കാലം ഈ സമുദായം നിലനിൽക്കും എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.

എന്ന് ക്നാനായ കമ്മിറ്റിയ്ക്കുവേണ്ടി

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

സമുദായ സെക്രട്ടറി

## ശുഭചിന്തകൾ

എത്ര അടുപ്പമുള്ളവർ ആയാലും അവരുടെ ചില വാക്കുകളോ പ്രവർത്തികളോ നമ്മെ വിഷമിപ്പിച്ചേക്കാം. അവർ നമ്മെ വിഷമിപ്പിച്ച കാര്യം ഓർമയിൽ വരുമ്പോൾ അവർ ചെയ്ത ഏതെങ്കിലും ഒരു നല്ല കാര്യം ഓർത്ത് വിഷമം മറന്നേക്കുക. ആരും പൂർണ്ണരല്ലല്ലോ.

ആരിൽ നിന്നും ഒന്നും പ്രതീക്ഷിക്കാതിരിക്കുക, പ്രതീക്ഷകളാണ് പലപ്പോഴും ജീവിതത്തിന്റെ താളം തെറ്റിക്കുന്നത്.
ചെയ്യേണ്ട കാര്യങ്ങൾ ആത്മാർത്ഥമായി ചെയ്യാം, ഒന്നും തിരികെ പ്രതീക്ഷിക്കാതെ- അതു മനുഷ്യനോടായാലും ദൈവത്തോടായാലും.

## എഡിറ്റോറിയൽ

*4 -ാം പേജ് തുടർച്ച*

ആരാധനകളും സ്വയം ഉയരുന്നതിനുവേണ്ടി സാമൂഹ്യ മാധ്യമങ്ങളിൽ കൂടി കുർബ്ബാന അർപ്പിക്കുന്ന പുരോഹിതന്മാരും സ്വാർത്ഥ താല്പര്യങ്ങൾക്കുവേണ്ടിയുള്ള വടം വലികളും ആണ് അവൻ കാണുന്നത്. സഭ വീണ്ടെടുക്കേണ്ട ലോകം സഭയിൽ നിന്ന് അകന്നുപോകുന്നു. അതിന് ഉത്തരവാദി മെത്രാന്മാരും പുരോഹിതന്മാരും സുവിശേഷകരും തന്നെ. ഇന്നത്തെ ലോക ഗതിയോ, കാലത്തിന്റെ ആത്മാവിനെയോ പ്രതികൂല സാഹചര്യങ്ങളെയോ കുറെ കുറ്റപ്പെടുത്താമെങ്കിലും നമ്മുടെ തന്നെ ദൃഷ്ടാന്ത ദോഷവും യാഥാർത്ഥ്യക്കുറവും ആയിരിക്കും അവയേക്കാളെല്ലാം കുറ്റകരമായിട്ടുള്ളത്. പുറം എങ്ങനെയെല്ലാം തേച്ചു മിനുക്കിയാലും അകം എങ്ങനെയുള്ളതാണെന്നു ഏറെക്കുറെ മറ്റുള്ളവർ അറിയാതിരിക്കയില്ല. സഭയുടെ ആത്മീയ പാപ്പരത്വം ഒരു രഹസ്യമായി വളരെ നാൾ വച്ചു കൊണ്ടിരിക്കുക സാദ്ധ്യമല്ല. സ്നേഹം, സത്യം, നീതി എന്നിവയെ ജീവിതത്തിൽ സാക്ഷാൽക്കരിച്ചു കാണിക്കാൻ കർത്താവു നമ്മെ ആഹ്വാനം ചെയ്യുന്നു. അവന്റെ ആഹ്വാനത്തെ സ്വീകരിച്ച് യഥാർത്ഥ ക്രിസ്ത്യാനികളായി ജീവിക്കാം.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**



സുനിൽ ഡി. കുരുവിള

# എവിടെയാണ് വിദ്യാഭ്യാസം വഴിതെറ്റുന്നത്?

## Where exactly education becomes poor?

(1) കുട്ടിയെ മനസ്സിലാക്കാൻ മറന്നുപോകുമ്പോൾ. Fail to understand the child. (2) അമിതമായോ വൈകാരികമായോ ലക്ഷ്യങ്ങൾ കുട്ടിയുടെമേൽ അടിച്ചേൽപ്പിക്കുമ്പോൾ. Over expectations. (3) പുസ്തകവും സിലബസുമാണ് വിദ്യാഭ്യാസം എന്ന് തെറ്റിദ്ധരിക്കുമ്പോൾ. Only study and no play. (4) ഒരു നല്ല ഗുരു വഴികാട്ടാനില്ലാതെ വരുമ്പോൾ. Lack of good mentoring and guidance.

“തോൽക്കാൻ മനസ്സുള്ളവർക്കേ ജയിക്കാനും ആ ജയം നിലനിർത്താനും കഴിയുകയുള്ളൂ. മാതാപിതാക്കളും അദ്ധ്യാപകരും ഇത് പ്രത്യേകം ഓർക്കുക”.

**1. കുട്ടിയെ മനസ്സിലാക്കാൻ മറന്നുപോകുമ്പോൾ.**

“Putting your student’s emotional needs first is important because without feeling safe and understood, no instructional strategy will be effective" Jasper Fox, Sr.

വിദ്യാഭ്യാസം വിദ്യാർത്ഥി കേന്ദ്രീകൃതമാകണം. വിദ്യാഭ്യാസം ഒരു സാംസ്കാരിക രൂപാന്തരപ്രക്രിയയാണ്. കുട്ടിയിൽ എന്താണ് വികസിപ്പിക്കേണ്ടത്, ശക്തീകരിക്കേണ്ടത്, തിരുത്തേണ്ടത്. കുട്ടിയെ അറിയുകയും മനസ്സിലാക്കുകയും ചെയ്യാതെ ഇത് സാധ്യമല്ല. കുട്ടിയെ കൂടുതൽ അറിയാൻ ശ്രമിക്കുമ്പോൾ കൂടുതൽ സ്വാധീനിക്കാനും കഴിയും. അതുവഴി കൂടുതൽ Motivate ചെയ്യാനും കഴിയും. ഇവിടെയാണ് വിദ്യാഭ്യാസം സാധ്യമാകുന്നത്.

**2. അമിതമായോ വൈകാരികമായോ ലക്ഷ്യങ്ങൾ കുട്ടിയുടെ മേൽ അടിച്ചേൽപ്പിക്കുമ്പോൾ**

“We worry about what a child will become tomorrow, yet we forget that he is someone today” - Stacia Tauscher.

ഓരോ കുട്ടിയും ദൈവത്തിന്റെ അതിവിശിഷ്ടമായ ദാനമാണ്. ഓരോ കുട്ടിയും വ്യത്യസ്ഥമായ താളമാണ്. അത് അംഗീകരിച്ചുകൊണ്ടും Respect ചെയ്തുകൊണ്ടുമാവണം ഒരു വിദ്യാർത്ഥിയെ സമീപിക്കേണ്ടത്. അവരുടെ കഴിവുകളും നൈപുണ്യങ്ങളും ഒക്കെ വ്യത്യസ്തമാണ്. അവരുടെ വ്യക്തിത്വത്തെ തിരിച്ചറിഞ്ഞും പരിപോഷിപ്പിച്ചും അവരിലെ പ്രതിഭയെ രൂപപ്പെടുത്താം.

എല്ലാ കുട്ടികളും ക്ലാസ്സിൽ ഫസ്റ്റ് ആകില്ല. എല്ലാവർക്കും കണക്കു ചെയ്യാൻ സാമർത്ഥ്യം ഉണ്ടാകണമെന്നില്ല. ചില കുട്ടികൾ ഭാഷാപരമായി മികവുള്ളവരായിരിക്കും; ചിലർ നന്നായി സംസാരിക്കാനും സംഘടിപ്പിക്കാനും കഴിവുള്ളവർ ആയിരിക്കും. ദൈവം തന്ന കഴിവിനെ മാനിക്കുക. അവരെ കൂടുതൽ ശക്തീകരിച്ചു ബലമുള്ളവരാക്കുക.

**3. പുസ്തകവും സിലബസുമാണ് വിദ്യാഭ്യാസം എന്ന് തെറ്റിദ്ധരിക്കുമ്പോൾ**

“By education I mean an all-round drawing out of the best in the child and man; body, mind and spirit”- Mahatma Gandhi.

വിദ്യാഭ്യാസം ഒരു സംസ്കരിക്കലാണ്. ഒരു refining പ്രക്രിയ! മികച്ച വ്യക്തിത്വം രൂപപ്പെടണമെങ്കിൽ കളിയും കലയും സാമൂഹിക പ്രവർത്തനവും ആത്മീയ അടിത്തറയും കൂടിയേ തീരൂ. ക്ലാസ്സും ട്യൂഷനും കോച്ചിങ്ങും മാത്രം കൊടുത്തു ‘പഴവും പ്ലാസ്റ്റിക്കും’ ആക്കി കളയരുത് കുട്ടികളെ. അവർ സമഗ്ര വ്യക്തിത്വത്തിനു ഉടമകളാകട്ടെ. രാഷ്ട്രീയ വിഷയങ്ങൾ, ചരിത്രം ഒക്കെ അവർ മനസ്സിലാക്കട്ടെ. നല്ല ആരോഗ്യവും ആത്മവിശ്വാസവും നേതൃഗുണവും അവരിൽ കുട്ടിക്കാലത്തെ രൂപപ്പെടുത്താം.‘ആപ്പിൾ’ അല്ലെങ്കിൽ ‘സ്ക്രീനിൽ’ ഒതുങ്ങി പോകാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കണം (Cyber slaves).

**4. ഒരു നല്ല ഗുരു വഴികാട്ടാനില്ലാതെ വരുമ്പോൾ**

“Teaching is not about answering questions but about raising questions-opening doors for them in places that they could not imagine”.- Yawar Baig N.P. ഗുരുവാണ് വിദ്യാഭ്യാസത്തിന്റെ ആത്മാവ്. അമ്മയോ അച്ഛനോ ടീച്ചറോ ആത്മീയ ആചാര്യനോ ഗുരുവാകാം. ബാല്യകാലത്തു കരുതലും സ്നേഹവും മൂല്യങ്ങളും കൊണ്ട് enrich ചെയ്യാം കുട്ടികളുടെ ജീവിതം. ഗുരു സ്വയം ‘യോഗ്യത’ ഉറപ്പുവരുത്തണം. മുതിർന്നവരുടെ കുറവ് കുഞ്ഞുങ്ങളെ ബാധിക്കാതിരിക്കട്ടെ. കൗമാരത്തിൽ അവരെ ആശയപരമായി സ്വാധീനിക്കുകയും ഉയർന്ന ലക്ഷ്യത്തിലേക്കു inspire ചെയ്യേണ്ടതുമുണ്ട്.

അങ്ങനെയുള്ള ഗുരുക്കന്മാരെ അവർക്കു ലഭ്യമാക്കേണ്ടത് നമ്മുടെ കടമയാണ്. അവരെ ഇരുത്തി ‘ഉറക്കു’ന്നതു പാപമാണ്. കുട്ടികൾ കുറഞ്ഞു പോകുന്നതും തെറ്റിപ്പോകുന്നതും വീണുപോകുന്നതും ഗുരുവിന്റെ കുറവാണ് വീഴ്ചയാണ്. നമ്മുടെ കുട്ടികളെ കരുതാനും മനസ്സിലാക്കാനും സ്വാധീനിക്കാനും തിരുത്താനും കാഴ്ചപ്പാട് നൽകാനും കഴിയുന്ന അദ്ധ്യാപകരുണ്ടാകണം. അങ്ങനെയുള്ളവരെ സൃഷ്ടിക്കാനും വളർത്താനും അംഗീകരിക്കാനും ആദരിക്കാനും സമൂഹത്തിനു കഴിയണം. കാലഘട്ടത്തിന്റെ അനിവാര്യതയാണ് ഉണർന്നു നിൽക്കുന്ന ഗുരുക്കന്മാർ.

“It is easier to build strong children than to repair broken adults”.- F. Douglas

ബാഹ്യമായ ഒരുപാടു ‘accessories’ കൊണ്ട് ചെറുപ്പം ഇന്ന് സമ്പന്നമാണ്. എന്നാൽ ആന്തരികമായ ശക്തിയും വിശ്വാസവും പലരിലും വലിയ വെല്ലുവിളിയാണ്. ഇവിടെയാണ് വിദ്യാഭ്യാസം കുറെക്കൂടി സമഗ്രമാവേണ്ടത്.

ബുദ്ധിശക്തിയെയും അറിവിനെയും മാത്രം കേന്ദ്രീകരിച്ചു നടക്കുന്ന വിദ്യാഭ്യാസം ഒരുപാടു വൈകല്യം നിറഞ്ഞതാണ്. വ്യക്തിത്വ വികസനപരവും ജീവിത നൈപുണ്യങ്ങളെക്കൂടി പ്രോത്സാഹിപ്പിക്കുന്നതുമാകണം വിദ്യാഭ്യാസം.

# ത്യാഗം എന്ന നേട്ടം

സി. ഐ. ചാക്കോ കൊച്ചുപറമ്പിൽ, നീലംപേരൂർ

ഏറെ പ്രചാരം കിട്ടിയ ഒരു കല്പിത കഥ ഇങ്ങനെ. അമേരിക്കയിലുള്ള യെല്ലോസ്റ്റോൺ പാർക്കിൽ വലിയ കാട്ടുതീ ഉണ്ടായി. തീ അടങ്ങിക്കഴിഞ്ഞ് ഫോറസ്റ്റ് ഉദ്യോഗസ്ഥർ നഷ്ടം വിലയിരുത്താൻ കാട്ടിലൂടെ നടന്നു. ഒരു വൻമരത്തിന്റെ ചുവട്ടിൽ ഒരു കിളി അമങ്ങിയിരിക്കുന്നതു കണ്ടു. അത് കണ്ട ഉദ്യോഗസ്ഥൻ വടി കൊണ്ട് പയ്യെ കുത്തി കിളിയെ തട്ടി നീക്കാൻ ശ്രമിച്ചു. ചത്ത കിളി മറിഞ്ഞപ്പോൾ അടിയിൽ നിന്ന് മൂന്ന് കിളിക്കുഞ്ഞുങ്ങൾ പെട്ടെന്ന് പുറത്തിറങ്ങി ഓടിത്തുടങ്ങി.

വിഷപ്പുകയുയർന്ന് തന്നെയും കുഞ്ഞുങ്ങളേയും ശ്വാസം മുട്ടിച്ചുകൊല്ലുമെന്ന് സഹജവാസനയാൽ തിരിച്ചറിഞ്ഞ കിളി മരച്ചുവട്ടിലെത്തി ചിറകുകൾക്കു കീഴെ കുഞ്ഞുങ്ങളെ ഒളിപ്പിച്ചതാണ്. അവരെ ഉപേക്ഷിച്ച് തള്ളപ്പക്ഷിക്ക് പറന്ന് രക്ഷപെടാമായിരുന്നു. പക്ഷേ ദുഃസഹമായ ചൂട് വന്നു തന്നെ ചുട്ടുകരിക്കുമ്പോഴും സ്വരക്ഷയേക്കാൾ കുഞ്ഞുങ്ങളുടെ ജീവൻ പ്രധാനമെന്നു കരുതി കിളി സ്വയം വെന്തു. സ്നേഹത്തിൽ നിന്ന് രൂപം കൊണ്ട മഹാത്യാഗത്തിന്റെ ഈ കഥ ആരുടേയോ ഭാവനയിൽ രൂപം കൊണ്ടതാണെങ്കിലും അതിലെ സന്ദേശം ആരെയാണ് പുളകം കൊള്ളിക്കാത്തത്. സ്നേഹിക്കപ്പെടുന്നുവെന്ന തോന്നൽ ആരുടെയുള്ളിലും വലിയ മാറ്റങ്ങളുളവാക്കുന്നു. കൂട്ടത്തിൽ ഒരു കാര്യം കൂടെ ഓർക്കാം.



"തന്റെ തൂവലുകൾകൊണ്ട് നിന്നെ രക്ഷിക്കും. തന്റെ ചിറകുകളുടെ കീഴിൽ നീ മറക്കപ്പെടും. തന്റെ സത്യം നിന്റെ ചുറ്റിലും ആയുധമായിരിക്കും" (സങ്കീ.91:4).

നാം എല്ലാം മിക്കപ്പോഴും എനിക്കെന്തു കിട്ടും? എന്നു ചിന്തിക്കുന്നു. അത് സ്വാഭാവികമാണുതാനും. പക്ഷേ ഇടയ്ക്കെങ്കിലും "എനിക്കെന്തുകൊടുക്കാം" എന്നു ചിന്തിച്ചുകൂടെ? കൊടുത്തതുകൊണ്ട് മുടിഞ്ഞവർ ചുരുക്കമാണെങ്കിലും, കൊടുത്താൽ മുടിയുമോയെന്ന ഭയം നമ്മെ വേട്ടയാടിയേക്കും. ചേതമില്ലാത്ത ഉപകാരംപോലും ചെയ്യാൻ പലർക്കും മടിയാണ്. ആ രീതി നമുക്ക് തിരുത്തിക്കുറിയ്ക്കാൻ കഴിയില്ലേ.

മഹാഭാരത യുദ്ധത്തിനുശേഷം രാജ്യാഭിഷേകം കഴിഞ്ഞ യുധിഷ്ഠിരൻ അത്യാഡംബരപൂർവ്വം അശ്വമേധയാഗം നടത്തി. യജ്ഞ സമാപ്തിയിൽ അസംഖ്യം പേർക്ക് വൻതോതിൽ സ്വർണ്ണവും രത്നങ്ങളും പണവും ദാനം ചെയ്ത് ഏവരുടേയും അതിരറ്റ പ്രശംസയ്ക്ക് പാത്രമായി. ശരീരത്തിന്റെ ഒരു പകുതി സ്വർണ്ണമയമായ കീരി എങ്ങുനിന്നോ പ്രത്യക്ഷപ്പെട്ടു. കൂടി നിന്നവരോട് പരിഹാസ രൂപത്തിൽ പറഞ്ഞു "നിങ്ങൾ വൻപിച്ചതെന്നു കരുതുന്ന ഈ മഹായാഗവും ദാനവും മറ്റും ആ ദരിദ്രന്റെ ദാനത്തിന്റെ മുൻപിൽ ഒന്നുമില്ല".

നൂറു ദിവസത്തെ പട്ടിണിക്കുശേഷം കിട്ടിയ നാഴി മലർപ്പൊടി വിശന്നുവലഞ്ഞ ദരിദ്രനും ഭാര്യയും പുത്രനും പുത്രഭാര്യയും പങ്കിട്ടുകഴിക്കാൻ തുടങ്ങി. അപ്പോൾ കയറി വന്ന അതിഥിയ്ക്ക് നാലുപേരും അവരുടെ പങ്ക് സന്തോഷത്തോടെ ദാനം ചെയ്തു. സ്വന്തം ആവശ്യം മറന്ന്, ധർമ്മത്തെ മറ്റെല്ലാറ്റിനും മുകളിൽ അവർ ഉയർത്തിപ്പിടിച്ചു. ആ മലർപ്പൊടിയുടെ സൗരഭ്യം ഏറ്റപ്പോൾ എന്റെ തല സ്വർണ്ണമയമായി. ഞാൻ തറയിൽ കിടന്ന മലർപ്പൊടിയുടെ അംശത്തിൽക്കിടന്നുരുണ്ടപ്പോൾ എന്റെ പാതിഭാഗവും സ്വർണ്ണമയം. അതോടെ മലർപ്പൊടിതീർന്നു. മറുപകുതിയും സ്വർണ്ണമയമാക്കാൻ ഞാൻ പലേടത്തും അലയുകയാണ്. യുധിഷ്ഠിരന്റെ ദാനത്തിനും ആ പാവത്തിന്റെ ദാനത്തിന്റെ മഹിമയില്ലാത്തതിനാൽ ഇവിടെയും എനിക്ക് നിരാശതന്നെ.

ദാനം ചെയ്യുന്ന വസ്തുവിന്റെ വിലയല്ല, ആ സദ്പ്രവൃത്തിയുടെ പിന്നിലെ വികാരമാണു ശ്രേഷ്ഠമെന്ന് വ്യാസൻ പറയുന്ന ആ കഥ വ്യക്തമാക്കുന്നു.

# പ്രശസ്ത വിജയം



Advt -O

CBSE Plus Two (Bio-Maths) പരീക്ഷയിൽ 96.4% മാർക്കോടെ മികച്ച വിജയം കൈവരിച്ച **ഐെറിൻ ബിജു**. റാന്നി ഇടക്കുളം സെന്റ് തോമസ് കുരിശുപള്ളി ഇടവകയിൽ പുന്നശ്ശേരിൽ ബിജു എബ്രഹാമിന്റെയും (Asst. Executive Engineer K.S.E.B) ഷിജി ഇടിക്കുള (Asst. Professor, S.T.C.A.S Edamury) യുടെയും മകളാണ്.

# പ്രശസ്ത വിജയം



Advt -R

Gems Our Own Indian School, Dubai–ൽ നിന്നും CBSE +2 എല്ലാ വിഷയത്തിനും A+ നേടി (96%) വിജയിച്ച **ROSE ANNE PHILIP**. നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയപള്ളി ഇടവകയിൽ കിഴക്കേപത്തിൽ Preeth Chacko Philip ന്റെയും Leena Preeth ന്റെയും മകളും പി.സി. ഫിലിപ്പിന്റെയും ഡോ. മേരിക്കുട്ടി ഫിലിപ്പിന്റെയും കറ്റോട് കിടങ്ങേറ്റിൽ പറമ്പിൽ സണ്ണിയുടെയും ലിസ്സിയുടെയും കൊച്ചുമകളുമാണ്. ആൻ മരിയ ഫിലിപ്പ് ഏക സഹോദരിയാണ്.



# 30th Happy Wedding Anniversary

27–08–2020

## Sunny Abraham
## &
## Lizyamma Sunny

### Edayadiyil, Kallissery
### (USA)

സ്നേഹത്തിന്റെ, സന്തോഷത്തിന്റെ, സമാധാനത്തിന്റെ,
സംതൃപ്തിയുടെ, സുഖദുഃഖങ്ങളിൽ
പരസ്പരം പങ്ക് വെച്ച് പിന്നിട്ട 30 വർഷം.

വൻ കൃപയിൽ ഞങ്ങളെ ഇന്നെയോളം കാത്ത
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും.

Best Wishes
Children: Anita, Aleyas, Dinsu
Grandsons: Yohan, Zach

Advt - G

## 80 – ാം ജന്മദിനം, 12-08-2020



## T.O. Chacko (Aniyan)

തുണ്ടിയിൽ,
ഇരവിപേരൂർ

Advt -S

*സ്തോത്രം സ്തോത്രം കർത്താവേ, സ്തോത്രമതായിരമായിരമായ്*
*അനവധിയായി സ്തോത്രം നാഥാ, കൃപ വേണം ഞങ്ങളിലെന്നും.*

കഴിഞ്ഞ 80 വർഷം ഞങ്ങളുടെ പ്രിയപ്പെട്ട അച്ചായനെ, കരുണയോടെ കാത്ത് സൂക്ഷിച്ച് ഇത്രത്തോളം പോറ്റി പുലർത്തിയ കാരുണ്യവാനായ ദൈവത്തെ നന്ദിയോടെ സ്തോത്രം ചെയ്യുന്നു. ശിഷ്ടായുഷ്കാലം സന്തോഷത്തോടും സമാധാനത്തോടും തിരുനാമ മഹത്വത്തിനുതകുന്ന പ്രവർത്തികൾ ചെയ്ത് ആരോഗ്യത്തോടെ കഴിച്ചുകൂട്ടുവാൻ ദൈവം സഹായിക്കട്ടെ എന്ന് പ്രാർഥിക്കുന്നു. ആയതിന് ദൈവമാതാവായ വി. കന്യകമറിയാം അമ്മയുടെ മദ്ധ്യസ്ഥതയിൽ ശരണപ്പെടുന്നു.

എന്ന്,
ഭാര്യ, സഹോദരൻ, സഹോദരി
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, മറ്റ് കുടുംബാംഗങ്ങൾ



## അറിയിപ്പ്

**SSLC, Plus Two** പരീക്ഷകളിൽ
എല്ലാ വിഷയങ്ങൾക്കും **A+**
ലഭിച്ച വിദ്യാർത്ഥികളുടെ ഫോട്ടോ ക്നാനായ ദീപത്തിൽ
മുൻ വർഷങ്ങളിലെപ്പോലെ പ്രസിദ്ധീകരിക്കുന്നതാണ്.
ആയതിലേയ്ക്ക് വികാരിമാർ സാക്ഷ്യപ്പെടുത്തിയ
സർട്ടിഫിക്കറ്റിന്റെ കോപ്പിയും ഫോട്ടോയും മേൽവിലാസം
സഹിതം ക്നാനായദീപം ഓഫീസിൽ നൽകേണ്ടതാണ്.
**E-mail** ആയും അയയ്ക്കാവുന്നതാണ്.

**E-mail: kna.deepam@gmail.com**
**whatsapp No. 8547584440**

**ഫാ. ജേക്കബ് കല്ലുകുളം**
(മാനേജിംഗ് എഡിറ്റർ)

## പാവനസ്മരണയ്ക്ക്

| 1 – ാം ചരമവാർഷികം | 15 – ാം ചരമവാർഷികം | 40 – ാം ചരമദിനം |
|---|---|---|
| 20- 07 -2020 | 1- 11 -2020 | 2- 07 -2020 |





### റ്റി.കെ. പുന്നൂസ്    മേരി പുന്നൂസ്

പള്ളത്ര തത്തുകാട്ടിൽ, തിരുവൻവണ്ടൂർ

### സാലി ഷാജു

ആറൊന്നിൽ, റാന്നി

Advt -S

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1st Death Anniversary

23 – 08 – 2020



# A.K. Jacob (Joy)

**Kunnirickel Manackel**
**Kattode, Thiruvalla.**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## ഒന്നാം ചരമവാർഷികം

30- 08 -2020



# ചാച്ചിയമ്മ പൂന്നൂസ് (78)

**പാറയിൽ കല്ലമണ്ണിൽ**
**വള്ളംകുളം**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

| 9 – ാം ചരമവാർഷികം | 26 – ാം ചരമവാർഷികം |
|---|---|
| 24 – 05 – 2020 | 05 – 08 – 2020 |



**അന്നമ്മ സ്കറിയ**    **റ്റി. റ്റി. സ്കറിയ**

**തോട്ടുപുറത്ത് (H)**
**വെൺപാല, തിരുവല്ല**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 1 – ാം ചരമവാർഷികം

29- 08 -2020



# ജേക്കബ് ഏബ്രഹാം

**(കുഞ്ഞുമോൻ)**

**കിഴക്കേപ്പറമ്പിൽ, കൊല്ലാട് പി. ഒ, കോട്ടയം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 4 – ാം ചരമവാർഷികം

21 – 08 – 2020



# Sabu Mathew

(Asst. Commandant of police)

**Kulachankal, Velloothuruthy**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## വേർപാടിന്റെ 7 – ാം വാർഷികം

**10-09-2020**



# സോജി ജെയ്ക്കബ്

**തേമ്പാറ, കുറിച്ചി**

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

## 7 – ാം ചരമവാർഷികം

26 – 08 – 2020



# N. P. ജോസുകുട്ടി

**നെടുംപറമ്പിൽ, നീലംപേരൂർ**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

## 9 – ാം ചരമവാർഷികം

**28-08-2020**



# ഏബ്രഹാം M.ഏബ്രഹാം

**മാലത്തുശ്ശേരിൽ (U.S.A), ചിങ്ങവനം**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

**സുറിയാനി ഓർത്തഡോക്സ് സഭയിലെ വി. വിവാഹ കൂദാശയുടെ ദൈവശാസ്ത്ര ദർശനങ്ങൾ**

"അച്ചോ ഞങ്ങൾ അന്ന് പറഞ്ഞ ദമ്പതി ധ്യാനത്തിന് ഒരു തീയതി വേണമായിരുന്നു".

ഫൈവ് ഫിംഗേഴ്സിനെ പ്രതിനിധീകരിച്ച് ബിനു പറഞ്ഞു.

വി. കുർബ്ബാനാനന്തരം അച്ചന്റെ വിശ്രമസമയത്ത് അവർ അഞ്ചുപേരും ഒരുമിച്ചു ചെന്നതാണ്. ദമ്പതീധ്യാനമാണ് വിഷയം.

യൗവ്വനക്കാരുടെ കുടുംബജീവിതത്തെക്കുറിച്ചുള്ള ആകാംക്ഷ കണ്ട് അത്ഭുതത്തോടെ അച്ചൻ ചോദിച്ചു.

"ശരിക്കും അങ്ങനെയൊരു പ്രോഗ്രാം നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?"

"തീർച്ചയായും" എല്ലാവരും ഒരേ ശബ്ദത്തിലാണ് പറഞ്ഞത്.

"ശരി എങ്കിൽ നിങ്ങൾ തന്നെ ഒരു തീയതി നിശ്ചയിച്ചു കൊള്ളുക".

"അച്ചോ, പുതുഞായറാഴ്ചയാണെങ്കിൽ കുട്ടികളുടെ പരീക്ഷകൾ കഴിയും. സൺഡേസ്കൂളിനും അവധിയായിരിക്കും".

"ഞാനും ഫ്രീ ആണ്. സമയംകൂടി പറഞ്ഞോളൂ".

"ഉച്ചകഴിഞ്ഞ് മൂന്നു മണി".

മതി, രണ്ടു മണിക്കൂർ കൊണ്ട് അവസാനിപ്പിക്കാം.

കാപ്പിയും ലഘുഭക്ഷണവും കൂടി ക്രമീകരിക്കാൻ പള്ളിക്കമ്മിറ്റിയോട് പറയാം.

"വേണ്ടച്ചോ, ഞങ്ങൾ ഫൈവ് ഫിംഗേഴ്സ് സ്പോൺസർ ചെയ്തുകൊള്ളാം"

"എങ്കിൽ അങ്ങനെയാകട്ടെ" അച്ചൻ സമ്മതിച്ചു.

പിറ്റേ ഞായറാഴ്ച തന്നെ അച്ചൻ പള്ളിയിൽ അനൗൺസ് ചെയ്തു 25 നും 55 നും ഇടയിലുള്ള ദമ്പതികളെ സംഘടിപ്പിച്ചുകൊണ്ട് ഒരു ദമ്പതിധ്യാനം. നേരത്തെതന്നെ ക്രമീകരണങ്ങൾ ചെയ്തു. ഇടവകക്കാർക്കും വീട്ടുകാര്യങ്ങൾ ക്രമീകരിക്കുവാൻ ആവശ്യത്തിനു സമയം ലഭിച്ചു. ഫൈവ് ഫിംഗേഴ്സും ആവശ്യമായ പബ്ലിസിറ്റി നൽകി ദമ്പതികളെ യോഗത്തിൽ സംബന്ധിക്കുവാൻ പ്രോത്സാഹിപ്പിച്ചു.

പുതുഞായറാഴ്ച എത്തി. കൃത്യം മൂന്നുമണി ആയപ്പോൾ പള്ളിക്കകത്ത് ആളുകൾ കൂടി. എല്ലാവരും നല്ല ഉത്സാഹത്തിലാണ്. Power point presentation വഴിയായി ക്ലാസ്സുകൾ ക്രമീകരിച്ചതിനാൽ ആളുകൾക്ക് കൂടുതൽ താൽപര്യമായി. പ്രാർത്ഥനയ്ക്കും സ്വാഗതത്തിനും ശേഷം അച്ചൻ ക്ലാസ്സ് ആരംഭിച്ചു. സുറിയാനി സഭയിലെ വി. വിവാഹകൂദാശയുടെ ദൈവശാസ്ത്ര ദർശനങ്ങൾ എന്ന വിഷയമാണ് അച്ചൻ ഈ ദമ്പതിധ്യാനത്തിൽ ചർച്ചാവിഷയമാക്കിയിരിക്കുന്നത്.

പരി. സുറിയാനി ഓർത്തഡോക്സ് സഭയിലെ വി.വിവാഹകൂദാശയുടെ ദൈവശാസ്ത്രദർശനങ്ങൾ അതിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും നിറഞ്ഞു നിൽക്കുന്നു. വി.വിവാഹകൂദാശയുടെ പ്രാധാന്യവും നിയോഗവും പ്രാർത്ഥനകളിലൂടെ മനസ്സിലാക്കുവാൻ കഴിയും. വിവാഹം ദൈവവിളിയാണെന്നും ദൈവത്തിന്റെ തെരഞ്ഞെടുപ്പാണെന്നും മനസ്സിലാക്കാം. മക്കൾ ദൈവത്തിന്റെ ദാനമാണെന്നും അവരെ ദൈവമുള്ളവരാക്കി വളർത്തുന്നത് മാതാപിതാക്കളുടെ ദൗത്യമാണെന്നും തിരിച്ചറിയുന്നതിന് വിവാഹം ദൈവവിളിയാണെന്ന ബോധ്യം സഹായിക്കും.

മോതിര വാഴ്വിന്റെയും കിരീട വാഴ്വിന്റെയും ശുശ്രൂഷകളും വേദവായനകളും പ്രാർത്ഥനകളും ഗീതങ്ങളും ആശിർവാദങ്ങളും ദൈവശാസ്ത്ര ദർശനം മനസ്സിലാക്കുവാൻ സഹായിക്കുന്നു. ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധമാണ് മണവാളനും മണവാട്ടിയും തമ്മിലുള്ളത്. ക്രിസ്തു ശിരസ്സും സഭ ശരീരവുമാകുന്നുവെന്നു പറഞ്ഞതിലൂടെ മണവാളൻ മണവാട്ടിയുടെ ശിരസ്സാകുന്നു. അധീശത്വം എടുക്കുവാനല്ല ശരീരത്തിന്റെ സംരക്ഷണം ഏറ്റെടുക്കുവാനുള്ള നിർദ്ദേശമാണിവിടെ. മണവാട്ടിയെ കരുതുന്ന മണവാളൻ ക്രിസ്തു തന്റെ മണവാട്ടിയാകുന്ന സഭയോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവോ അപ്രകാരം മണവാളൻ തന്റെ മണവാട്ടിയോട് ബന്ധപ്പെട്ടിരിക്കണം.

**വിവാഹ ഉടമ്പടി**

അച്ചൻ വന്നുചേർന്നിരിക്കുന്ന ദമ്പതികളോട് പറഞ്ഞു:



“ഭാര്യയും ഭർത്താവും ചേർന്നിരിക്കണം. ഞാൻ ആവശ്യപ്പെടുമ്പോൾ കൈകൾ ചേർത്ത് പിടിക്കണം. നിങ്ങൾ രണ്ടുപേരും ഒന്നാകുന്നുവെന്ന് ബോധ്യപ്പെടുവാനാണിങ്ങനെ ചെയ്യിക്കുന്നത്. മാത്രമല്ല; ഇതൊരു ക്ലാസ്സല്ല. ചോദ്യോത്തര പരിപാടിയാണ്. അതിനാൽ നിങ്ങൾ ചോദ്യങ്ങൾ ചോദിക്കുമ്പോൾ ഞാൻ ഉത്തരങ്ങൾ പറയും. വിഷയങ്ങൾ ചർച്ചചെയ്യും. അങ്ങനെ നമുക്ക് ഈ സായാഹ്നം സജീവമാക്കുവാൻ ശ്രമിക്കാം”.

എല്ലാവർക്കും സന്തോഷമായി.

“അച്ചോ, വിവാഹം ഒരു ഉടമ്പടിയാണെന്ന് പറയുന്നത് എന്തുകൊണ്ട്”?

റോയിയുടെ വകയാണ് ആദ്യത്തെ ചോദ്യം.

വിവാഹം ഒരു ഉടമ്പടിയാണ്. ദൈവവും വധൂവരന്മാരും തമ്മിലുള്ള ഉടമ്പടി. ദൈവത്തിന്റെ സ്ഥാനത്ത് ദൈവത്തിന്റെ പ്രതിനിധിയായി പട്ടക്കാരനോ മേൽപ്പട്ടക്കാരനോ (കാർമ്മികൻ) മണവാളനെയും മണവാട്ടിയെയും കൗദാശികമായി സംയോജിപ്പിക്കുന്നതിനാൽ വിവാഹം ഉടമ്പടിയാണ്. ഉടമ്പടിയെന്നാൽ മരണംവരെയും സുഖത്തിലും ദുഃഖത്തിലും ദൈവനാമത്തിൽ ഒരുമിച്ചു നിന്നുകൊള്ളാമെന്ന ഉടമ്പടി. ദൈവമുമ്പാകെയുള്ള ഉടമ്പടി.

“ഉടമ്പടി എന്നത് കോൺട്രാക്ട് അല്ലെ”?

“അച്ചൻ പറഞ്ഞു: സമ്മതിച്ചു. പക്ഷെ ഉടമ്പടിയെന്നതിന് രണ്ട് ഇംഗ്ലീഷ് പദങ്ങളുണ്ട്. contract എന്നും covenant എന്നും. contract എന്നാൽ രണ്ടു മനുഷ്യർ തമ്മിലുള്ള കരാർ ആണ്. covenant എന്നാൽ ദൈവവും മനുഷ്യരും തമ്മിലുള്ള ഉടമ്പടി.

“Marriage is a contract between husband and wife’’ എന്നാണല്ലോ നിയമം പറയുന്നത്.

അടുത്ത ചോദ്യം.

ലോകത്തിന്റെ നിയമം അനുസരിച്ച് ഈ നിർവചനം ശരിയാണ്. എന്നാൽ പൗരസ്ത്യ സുറിയാനി ഓർത്തഡോക്സ് സഭ പറയുന്നു. “Marriage is a covenant between God and the bridal couples. ദൈവവും വിവാഹിതരാകുന്നവരും തമ്മിലുള്ള ഉടമ്പടി. ദൈവവും മനുഷ്യരും തമ്മിലുള്ള ഉടമ്പടിയാണ് വിവാഹം. പഴയനിയമത്തിൽ ദൈവവും അബ്രഹാമും തമ്മിലും ദൈവവും യിസ്രായേലും തമ്മിലും ദൈവവും മോശയും തമ്മിലും ഉടമ്പടിവച്ചു. അത് covenant ആണ്. ഈ covenant ആണ് വിവാഹത്തിൽ സംഭവിക്കുന്നത്.

ഞാൻ നിങ്ങളോട് ഒരു ചോദ്യം ചോദിക്കാം. അച്ചൻ ചർച്ച സജീവമാക്കുകയാണ്.

‘‘നിങ്ങളുടെ വിവാഹത്തിന് മോതിരമണിയിച്ചത് ആരാണ്”?

“അച്ചൻ’’

“കിരീടമണിയിച്ചത് ആര്?”

“അച്ചൻ”

“മിന്നു കെട്ടിയതോ”? അതും അച്ചൻ ആയിരുന്നോ?” ഒരു കൂട്ടച്ചിരിയായിരുന്നു മറുപടി.

സുറിയാനി സഭയൊഴികെ മറ്റെല്ലാ സഭാവിഭാഗങ്ങളുടെയും വിവാഹത്തിൽ വധൂവരന്മാർ പരസ്പരം മോതിരമണിയിക്കുകയും മാല അണിയിക്കുകയും ചെയ്യുന്ന രീതിയാണുള്ളത്. എന്നാൽ സുറിയാനി സഭയിൽ പട്ടക്കാരൻ മോതിരവും മാലയും വാഴ്ത്തി അണിയിക്കുന്നത് ദൈവത്തിന്റെ പ്രതിനിധിയായിട്ടാണ്. അതുകൊണ്ടാണ് സുറിയാനിസഭയിൽ വിവാഹം contract അല്ല covenant ആണ് എന്നു പറയുന്നത്.

“ദൈവം സംയോജിപ്പിച്ചതിനെ വേർപിരിക്കുവാൻ മനുഷ്യർക്ക് അവകാശമില്ലാത്തതാകുന്നു”.

“അച്ചോ മരണം വരെ ഇവളെ സഹിക്കണമെന്നാണോ പറയുന്നത്”

ബിനുവിന്റെ കമന്റ് കേട്ട് എല്ലാവരും ചിരിച്ചു.

“തീർച്ചയായും”. അച്ചനും വിട്ടുകൊടുത്തില്ല.

ഇതൊരു സഹനമല്ല. വഹിക്കലാണ്. സന്തോഷത്തോടെയുള്ള പരസ്പരമുള്ള വഹിക്കൽ. ദൈവമുമ്പാകെയുള്ള ഉടമ്പടിയാണ്. ഒന്നായിത്തീരുവാനുള്ള ഉടമ്പടി.

ഈ ഉടമ്പടിയുടെ മഹത്വം തിരിച്ചറിയാനാകാത്തതാണ് പ്രശ്നബാധിത കുടുംബത്തിലെ ദമ്പതികളുടെ പരാജയം. ഞാനിടപെട്ട എന്റെ ഇടവകയിലെ ഒരു കുടുംബത്തെ ഞാൻ നിങ്ങൾക്ക് പരിചയപ്പെടുത്താം.

ബിജുവും സൗമ്യയും രണ്ടുപേരും സർക്കാരുദ്യോഗസ്ഥർ. പട്ടണത്തിലെ രണ്ടു സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ. ഗ്രാമത്തിലെ കുടുംബവീട്ടിൽ നിന്നും ദൂരെയുള്ള പട്ട

ണത്തിൽ വാടകവീട്ടിലാണ് താമസം. ഞാൻ വികാരിയായിരിക്കുന്ന ഇടവകയിലെ പള്ളിയിൽ രണ്ടുപേർക്കും സജീവ പങ്കാളിത്തം. സൗമ്യ ക്വയറിലെ leading female voice, ബിജു മദ്ബഹായിലെ ശുശ്രൂഷകൻ. വീട്ടിൽ വന്നാൽ രണ്ടുപേരും കീരിയും പാമ്പുംപോലെ. തൊടുന്നതിനും പിടിക്കുന്നതിനുമെല്ലാം വഴക്ക്.

ഭവനസന്ദർശനത്തിന് ഒരിക്കൽ ചെന്നപ്പോഴാണ് അവരുടെ പ്രശ്നം മനസ്സിലാക്കുവാൻ എനിക്കു കഴിയുന്നത്.

"എന്റെ അച്ചോ ഒരു തരത്തിലും ഇവളെ സഹിക്കുവാൻ കഴിയില്ല. Divorce നെക്കുറിച്ചാണ് ഞാൻ ഇപ്പോൾ ചിന്തിക്കുന്നത്. സമൂഹത്തെ ഭയമുള്ളതുകൊണ്ടാണ് ഞാൻ പുറത്തൊന്നും പറയാത്തത്. അവൾക്കു ജോലിയുണ്ടെന്നുള്ള അഹങ്കാരം. എന്നെക്കാൾ ശമ്പളവും അവൾക്കു കൂടുതലാണ്. പോരെ പൂരം. ഞാൻ പറയുന്നതെന്താണെന്നു കേൾക്കുവാൻ പോലും തയ്യാറാകില്ല. തറുതലയാണ് മറുപടി".

ബിജു വളരെ ആവേശത്തോടെയാണ് പറയുന്നത്. ഇതു കേട്ടതും ചീറ്റപ്പുലിപോലെ പാഞ്ഞാണ് സൗമ്യ അടുക്കളയിൽ നിന്നും വന്നത്. "ഒരു പുണ്യവാളൻ വന്നിരിക്കുന്നു. എന്റെ അച്ചോ എല്ലാത്തിനും കുറ്റം. ഞാൻ ചെയ്യുന്നതിനൊന്നും അടുക്കും ചിട്ടയുമില്ല. ഞാൻ Indisciplined ആണ്. ഞാൻ അഹങ്കാരിയാണ് എന്നൊക്കെയാണ് ആരോപണം. ആദ്യകാലത്തൊന്നും ഞാൻ മറുപടി പറഞ്ഞില്ല. "വെറുതെയൊരു ഭാര്യ" എന്ന സിനിമയിലെ ജയറാമിനെപ്പോലെയാണ് ബിജുച്ചായൻ. ഞാൻ ചെയ്ത 99 കാര്യം കണ്ടില്ലെന്ന് നടിച്ചുകൊണ്ട് ചെയ്യാതിരുന്ന ഒരു കാര്യം ഉയർത്തിക്കാട്ടി എന്നെ കുറ്റം വിധിക്കുന്നത് ബിജുച്ചായന്റെ ഒരു രീതിയായിക്കഴിഞ്ഞു. ഞാൻ മടുത്തു".

ഞാൻ പറഞ്ഞു ''നിങ്ങൾ ഇങ്ങനെ പോയാൽ ഒരു കുഞ്ഞുണ്ടായി കഴിഞ്ഞാൽ ആ കുഞ്ഞ് ഈ വഴക്കു കേട്ടു വളരുമല്ലോ. നിങ്ങൾക്കു വിദ്യാഭ്യാസമുണ്ട്, സാമ്പത്തികമുണ്ട്, അന്തസ്സുണ്ട്. സ്വരച്ചേർച്ച മാത്രമില്ല. ഏറ്റവും ആവശ്യമായിരിക്കുന്നത് മനസ്സിന്റെ ഐക്യമാണ്".

"മനസ്സിന്റെ ഐക്യം ഉണ്ടാകുവാൻ രണ്ടുപേരും ശ്രമിക്കണം. അതില്ലാത്തിടത്തോളം ബിജുച്ചായൻ പറയുന്നതുപോലെ പിരിയുന്നതാണച്ചോ നല്ലത്".സൗമ്യയുടെ വാക്കു കേട്ട് ഞാൻ ഞെട്ടിപ്പോയി.

"എന്റെ മക്കളെ നിങ്ങൾ എന്താണ് പറയുന്നത്. ദൈവം സംയോജിപ്പിച്ചതിനെ മനുഷ്യന് വേർപിരിക്കുവാൻ അനുവാദമില്ല. വിവാഹം എന്നത് ഒരു ഉടമ്പടിയാണ്. ദൈവവും നിങ്ങളും തമ്മിൽ ഉള്ള ഉടമ്പടി, മരണം വരെ ഒരുമിച്ചു ജീവിച്ചുകൊള്ളാമെന്നുള്ള ഉടമ്പടി".

എന്റെ വാക്കുകൾ അവരെ സാന്ത്വനപ്പെടുത്തിയില്ല. "അച്ചോ ഏത് കോൺട്രാക്ടും പാർട്ടികൾക്ക് ഇഷ്ടമുള്ളപ്പോൾ പിരിയാമെന്നത് Universal law ആണ്". ബിജു പറഞ്ഞു.

"സമ്മതിച്ചു. പക്ഷെ നിങ്ങളുടെ വിവാഹം contract അല്ലല്ലോ covenant അല്ലെ. contract നിങ്ങൾ തമ്മിലും covenant നിങ്ങളും ദൈവവും തമ്മിലുമാണ്. വിവാഹമോചനം എന്നത് ദൈവപദ്ധതിക്കെതിരാണ്''. എന്റെ പ്രസ്ഥാവന അവരെ ചിന്തിപ്പിക്കുവാൻ സഹായിച്ചു.

തുടർന്ന് രണ്ടുമണിക്കൂർ സമയം ഞാൻ അവരുടെ വീട്ടിൽ ചിലവഴിച്ചു. വലിയപ്രയോജനമൊന്നും കണ്ടില്ല. ഒരാഴ്ച കഴിഞ്ഞപ്പോൾ എനിക്കു സൗമ്യയുടെ ഒരു ഫോൺ വന്നു. ബിജുവിന് ആക്സിഡന്റ് ആയി. ഒരു സ്വകാര്യ ആശുപത്രിയിൽ അഡ്മിറ്റ് ആണ്. ഞാൻ വേഗം ആശുപത്രിയിലെത്തി. ICU വിലാണ് ബിജു എന്നറിഞ്ഞു. ICU വി ന്റെ മുൻപിൽ കരഞ്ഞുകൊണ്ടു നിൽക്കുന്ന സൗമ്യയെയാണ് ഞാൻ കണ്ടത്. എന്നെ കണ്ടതും എന്റെ അടുക്കലേയ്ക്കോടിവന്ന് എന്റെ രണ്ടുകൈകളും ചേർത്തുപിടിച്ച് അവളുടെ മുഖമർത്തി വിങ്ങിവിങ്ങിക്കരയുകയാണ് സൗമ്യ. സങ്കടം കൊണ്ട് എന്റെ തൊണ്ടയിടറി. വാക്കുകൾ തൊണ്ടയിൽ കുരുങ്ങുകയാണ്. ഒരു തരത്തിൽ ഞാൻ അവളെ ആശ്വസിപ്പിച്ചു.

അവരുടെയിടയിലെ പ്രശ്നങ്ങളൊക്കെ അറിയാമായിരുന്ന ഏക വ്യക്തി എന്ന നിലയിലാണ് സൗമ്യയുടെ വികാര പ്രകടനം. കണ്ണുനീർ ചാലിട്ടൊഴുകുന്ന മുഖമുയർത്തി സൗമ്യ എന്നോട് പറഞ്ഞത് ഞാനിവിടെ പറയാം.

"അച്ചോ, അച്ചൻ പറഞ്ഞ covenant എനിക്ക് മനസ്സിലാക്കുവാൻ ഈ accident വേണ്ടിവന്നു. Multiple fracture ആണ്. ബിജുച്ചായന് Head injury യുമുണ്ട്. എന്തൊക്കെ പ്രശ്നങ്ങളുണ്ടെങ്കിലും എന്റെ ബിജുച്ചായനെ ഞാൻ തന്നെ നോക്കും. ദൈവം എനിക്കു തിരിച്ചു തന്നാൽ മതി. ഇനി ഒരിക്കലും ഞാൻ ഒരു നോട്ടം കൊണ്ടുപോലും ബിജുച്ചായനെ നോവിക്കില്ല. ബിജുച്ചായന്റെ ഇഷ്ടമനുസരിച്ചുള്ള ഭാര്യയായിരിക്കും ഞാൻ. ഞാൻ എത്രമാത്രം അദ്ദേഹത്തെ സ്നേഹിക്കുന്നുവെന്നും എന്റെ ജീവിതത്തിൽ അദ്ദേഹത്തിന് എത്രമാത്രം പ്രാധാന്യമുണ്ടെന്നും മനസ്സിലാക്കുവാൻ ഈ അപകടം വേണ്ടിവന്നു. അച്ചൻ പറഞ്ഞ ഉടമ്പടിയുടെ മഹത്വം ഞാൻ ഇപ്പോഴാണ് മനസ്സിലാക്കുന്നത്".

പ്രിയമുള്ളവരെ സൗമ്യയ്ക്ക് ചില ബോധ്യങ്ങൾ ലഭിക്കുവാൻ ഈ അപകടം സഹായിച്ചു. എന്നാൽ ആശുപത്രി വിട്ട് വീട്ടിൽ വന്ന ബിജുവിന്റെ മാറ്റമാണ് എന്നെ ഏറെ അത്ഭുതപ്പെടുത്തിയത്. വീട്ടിൽ വന്നിട്ടും പരസഹായം കൂടാതെ ബാത്ത്റൂമിൽ പോകുവാനും സ്വന്തകാര്യങ്ങൾ നോക്കുവാനും ബിജുവിന് കഴിയില്ലായിരുന്നു.

സൗമ്യയുടെ മാറ്റവും ബിജുവിന് നൽകുന്ന പരിചരണത്തിലെ ആത്മാർത്ഥതയും തിരിച്ചറിഞ്ഞ ബിജു കുറ്റബോധത്താൽ നീറിത്തുടങ്ങി.

"ഇത്രമാത്രം സ്നേഹിക്കുന്ന എന്റെ സൗമ്യയെയാണല്ലോ ദൈവമെ ഞാൻ വേണ്ടന്ന് പറഞ്ഞത്. ഡിവോഴ്സിനെക്കുറിച്ചുപോലും ഞാൻ ചിന്തിച്ചുവല്ലോ. അവളുടെ കാലിൽ പിടിച്ച് ക്ഷമ പറയുവാനുള്ള ആഗ്രഹം എനിക്കുണ്ട്. അത്രമാത്രം അനാവശ്യങ്ങളാണ് ഞാൻ അവളെക്കുറിച്ചു പറഞ്ഞത്''.

നിറകണ്ണുകളോടെയാണ് ബിജു ഇതൊക്കെ പറഞ്ഞത്.

"ബിജു, നിനക്ക് ഒരു accident വേണ്ടിവന്നു covenant ന്റെ അർത്ഥം മനസ്സിലാക്കുവാൻ. ദൈവമാണ് കൂട്ടിച്ചേർത്തത്. ചേരേണ്ടതാണ് ദൈവം ചേർത്തത്. നിങ്ങൾ രണ്ടുപേരും ഒന്നാണെന്നു ബോധ്യപ്പെടുവാൻ ദൈവം തന്ന ശോധനയാണിത്''.

"അച്ചോ, ഒരു വാക്കുകൊണ്ടുപോലും ഇനിയും ഞാൻ സൗമ്യയെ വേദനിപ്പിക്കുകയില്ല. അവളുടെ സന്തോഷമാണ് ഇനി മുതൽ എന്റെ സന്തോഷം. മരണം കൊണ്ടല്ലാതെ ഞങ്ങൾ വേർപിരിയില്ല".

ബിജുവിന്റെ ഈ വാക്കുകൾ ഞാൻ നിങ്ങളോട് പറയുന്നത് നിങ്ങളുടെ ദൈവവുമായുള്ള ഉടമ്പടിയെക്കുറിച്ച് ആവശ്യത്തിനുള്ള ബോധ്യം നിങ്ങൾക്കുണ്ടാകുവാൻ വേണ്ടിയാണ്. ദൈവത്താൽ ഒന്നാക്കപ്പെട്ട നിങ്ങളെ ആരും പിരിക്കുവാൻ ഇടയാകരുത്. പരസ്പരമുള്ള ഉത്തരവാദിത്തം നിറവേറ്റിക്കൊണ്ട് ഉടമ്പടിയുടെ മഹത്വം തിരിച്ചറിയുക.

(തുടരും)

# മനസ്സുണ്ടെങ്കിൽ വഴിയുമുണ്ട്

റ്റി. സി. തോമസ് തോപ്പിൽ (ക്നാനായ കമ്മിറ്റി അംഗം)

വിജയം ആഗ്രഹിക്കാത്തവരില്ല. പക്ഷേ അതിനുവേണ്ടിയുള്ള പ്രയത്നത്തിനാണ് കൂടുതൽ പ്രാധാന്യം. മീൻ തിന്നാൻ കൊതിയുണ്ട് പക്ഷേ കൈ നനയ്ക്കാൻ മനസ്സില്ല. ഒരാൾ എന്തെങ്കിലും ഒന്ന് നിശ്ചയിച്ചുറപ്പിച്ചു കഴിഞ്ഞാൽ അതു വിജയകരമായി നടപ്പാക്കാനുള്ള മാർഗ്ഗമുണ്ടാകും (Where there is a will there is a way). ദൃഢനിശ്ചയമുള്ള സ്ഥിരപരിശ്രമിക്ക് അസാദ്ധ്യമായതൊന്നുമില്ല. ഏതു താഴിനും ഒരു താക്കോൽ ഉള്ളതുപോലെ ഏതു പ്രശ്നത്തിനും ഒരു പരിഹാരമുണ്ടെന്ന് തികഞ്ഞ ശുഭാപ്തി വിശ്വാസിയായ ഒരു വ്യക്തിക്കറിയാം. ആ താക്കോൽ നാം കഷ്ടപ്പെട്ടു തിരഞ്ഞു കണ്ടെത്തണമെന്നുമാത്രം. ദൃഢനിശ്ചയമാണ് ഒരു സാധാരണ പടയാളിയെ വീരനായകനാക്കി മാറ്റുന്നത്.



മോശം പണിക്കാരൻ എപ്പോഴും തന്റെ പണിയായുധങ്ങളെ പഴിപറഞ്ഞുകൊണ്ടിരിക്കും. നിശ്ചിത ലക്ഷ്യമുള്ള പരിശ്രമശാലിയോ പ്രതികൂലങ്ങളെ ക്ഷമയോടെ സമീപിച്ച് അവയെ തനിക്കനുകൂലമാക്കി മാറ്റും. തങ്ങളുടെ ഉറച്ചമനസ്സും ലക്ഷ്യബോധവുംകൊണ്ട് ലോകചരിത്രത്തിൽ നിറഞ്ഞുനിൽക്കുന്ന എത്രയോ മഹാന്മാരുടെ ജീവചരിത്രം നമുക്കു പ്രചോദമാണ്. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭരണനുകത്തിൽ നിന്നും ഭാരതത്തെ സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയിലേക്കു നയിച്ച മഹാത്മാ ഗാന്ധി എന്ന കൃശഗാത്രന്റെ കൂടെ കൈമുതലായുണ്ടായിരുന്നത് ഉറച്ചമനസ്സും ദൃഢനിശ്ചയവുമാണ്. സ്വാതന്ത്ര്യാഭിനിവേശത്തിന്റെ തീക്കനൽ ഭാരതത്തിലെ ജനകോടികളുടെ മനസ്സിൽ കോരിയിട്ട് ആളിക്കത്തിയ ദേശീയതയുടെ കൊടുങ്കാറ്റിനു മുൻപിൽ ബ്രിട്ടന്റെ സൈനിക ശക്തി മുട്ടുമടക്കി.

മനസ്സിൽ ഒരു ചിട്ട വേണം. അതിനനുസ്സരിച്ച് മടികൂടാതെ പ്രവർത്തിക്കുകയും വേണം. Plan your work and work your plan. ഏവർക്കും സ്വീകരിക്കാവുന്ന തത്വമാണ്. പക്ഷേ ഇതിൽ അലസതയ്ക്കു സ്ഥാനമില്ല. "നിത്യാഭ്യാസി ആനയെ എടുക്കും" എന്നൊരു ചൊല്ലുണ്ട്. അതിനർത്ഥം സ്ഥിരമായി പരിശ്രമിച്ചാൽ ആർക്കും ആനയെ എടുത്തു തോളിൽ വച്ചു നടക്കാം എന്നല്ല. മറിച്ച് സ്ഥിരമായ പരിശ്രമവും ആത്മവിശ്വാസവുമുണ്ടെങ്കിൽ ആനപോലെ എത്ര വലിയ പ്രതിസന്ധിയെയും മറികടക്കാനും പരിഹരിക്കാനും വഴിയുണ്ടാക്കും എന്നാണല്ലോ.

അസാമാന്യ വ്യക്തികളുടെ ജീവിതകഥകൾ ശ്രദ്ധിച്ചു പഠിച്ചാൽ ഇതിലെ സത്യങ്ങൾ യുവതലമുറയ്ക്ക് പ്രചോദനമായിരിക്കും. പ്രതികൂല സാഹചര്യങ്ങളെ വെല്ലുവിളിച്ചുകൊണ്ട് മഞ്ഞണിഞ്ഞ ഉന്നത കൊടുമുടികളെ കീഴടക്കിയവർ, ധ്രുവപര്യടനം നടത്തുന്നവർ, ക്ലേശകരമായ ശാസ്ത്ര ഗവേഷണത്തിൽ വർഷങ്ങളോളം തളരാതെ ഏർപ്പെട്ട് ഐതിഹാസികമായ കണ്ടുപിടിത്തങ്ങൾ നടത്തിയവർ, ദീർഘകാല തപസ്യയിലൂടെ ശാശ്വത മൂല്യമുള്ള ഗ്രന്ഥങ്ങൾ രചിച്ചവർ എന്നിവരെല്ലാം അസാധാരണമായ മനഃശക്തികൊണ്ട് നൂതനപാതകൾ വെട്ടിത്തെളിച്ചവരാണ്. ഗാന്ധിജിയും, ടെൻസിംഗും, കൊളമ്പസ്സും, മാഡംക്യൂറിയും, ലിയോ ടോൾസ്റ്റോയിയും അനന്യമായ ഉത്സാഹത്തിന്റെയും ലക്ഷ്യബോധത്തിന്റെയും നിദർശനങ്ങളാണ്. നമ്മെപ്പോലുള്ള സാധാരണക്കാർക്ക് പ്രചോദനം ഉൾക്കൊള്ളുവാൻ ഉതകുന്ന മാതൃകയാണ്.

ചെറിയൊരു തിരിച്ചടി വന്നാൽ നിരാശയിൽ മുങ്ങിപ്പോകുന്നവരാണ് നമ്മൾ. രണ്ടു വയസ്സിനു മുമ്പ് അന്ധയും ബധിരയുമായ ഹെലൻ കെല്ലർ ചിന്തിച്ചത് തന്റെ വൈകല്യങ്ങളെപ്പറ്റിയല്ല. സഹതാപത്തിനുവേണ്ടി കാത്തു നിന്നില്ല. ഉറച്ച മനസ്സും ആത്മവിശ്വാസവും കൊണ്ട് തന്റെ വിവിധ മേഖലകളിൽ അനശ്വരയാകാൻ അവർക്കു കഴിഞ്ഞു.

മഹത്തായ ജീവിതകഥകൾ നമുക്കെന്നും പ്രചോദനത്തിന്റെ പ്രഭവകേന്ദ്രങ്ങളാണ്. History of the world is the essence of innumerable biographies എന്ന മൊഴി നമുക്ക് നിരാശയിൽ നിന്നും പ്രത്യാശയുടെ ആവേശം പകർന്നു നൽകുന്നു. നിങ്ങൾ ചിന്തിക്കുന്നതെന്തോ അതാണു നിങ്ങൾ. ഒരു കാര്യം ചെയ്യുവാൻ നമുക്കു കഴിയുമെന്ന ആത്മവിശ്വാസത്തോടും ഉത്തമമനസ്സോടും പ്രവർത്തിച്ചാൽ അതിനുള്ള വഴിയെ തടസ്സങ്ങൾ ഒരു പ്രശ്നമല്ലാതാകും. ബുദ്ധിമുട്ടി നേടുന്ന വിജയത്തേക്കാൾ മധുരതരമായി മറ്റൊന്നില്ല. ●

# കലാമത്സരം

ജിബു എം. മാത്യു, മറ്റത്തിൽ

മക്കൾ രണ്ടുപേരും സൺഡേസ്കൂൾ കഴിഞ്ഞ് വീട്ടിലേയ്ക്ക് ഓടിക്കയറി വന്നപ്പോൾ പത്രം നോക്കിക്കൊണ്ടിരുന്ന സോജൻ, മുഖമുയർത്തി മക്കളെ നോക്കി.

മക്കൾ രണ്ടുപേരും സോജന്റെ ഇടതും വലതും ആയി വന്നിരുന്നിട്ട് ചോദിച്ചു "ഉച്ചയ്ക്കാണോ പപ്പാ പത്രം നോക്കുന്നത്?"

മരിച്ചവരുടെ ഫോട്ടോയുള്ള പേജും പ്രധാനപ്പെട്ട വാർത്തകളും, ഞാൻ രാവിലെ തന്നെ പത്രം വന്നപ്പോൾ നോക്കി.... ഇപ്പോൾ സൺഡേസപ്ലിമെന്റിൽ "ഇന്നത്തെ ചിന്താവിഷയം" വായിക്കുയായിരുന്നു.

മോള്, സോജന്റെ തോളിൽ തോണ്ടിയിട്ട് പറഞ്ഞു: "പപ്പാ, അടുത്ത ഞായറാഴ്ച ഞങ്ങളുടെ സൺഡേസ്കൂൾ കലാമത്സരമാണ്. ജൂനിയേഴ്സ് വിഭാഗത്തിലെ എല്ലാ മത്സരങ്ങളിലും ഞാൻ പങ്കെടുക്കുന്നുണ്ട്. പ്രസംഗം പപ്പ എഴുതി തരണം.

മോൾക്ക് നല്ലൊരു പ്രസംഗം എഴുതി കൊടുക്കാമെന്നു പറഞ്ഞപ്പോൾ സന്തോഷം കൊണ്ട് മോള് അയാളുടെ കവിളത്ത് ഒരുമ്മ കൊടുത്തിട്ട് അടുക്കളയിലേയ്ക്ക് ഓടി. പുറകെ മോനും.

മോൻ മദ്ബഹായിലും, മോള് ഗായകസംഘത്തിലും കയറുന്നതുകൊണ്ട് അവർ അതിരാവിലെതന്നെ പള്ളിയിൽ പോയതാണ്.

മക്കൾക്ക്, ചെറുപ്പം മുതലേ ആത്മീയമായ കാര്യങ്ങളെക്കുറിച്ചുള്ള അറിവ് പകർന്ന് കൊടുത്താൽ അവർ ഒരിക്കലും വഴിതെറ്റിപോകുകയില്ല.

മാതാപിതാക്കളിൽ ചിലർ, ഇന്നത്തെ തലമുറയ്ക്ക് ഉന്നത വിദ്യാഭ്യാസം നേടി കൊടുക്കുവാൻ വേണ്ടി പരിശ്രമിക്കുമ്പോൾ ആത്മീയ കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നില്ല.

മക്കളെ ചെറുപ്പം മുതലേ സൺഡേസ്കൂളിൽ വിടുകയും ദൈവീക കാര്യങ്ങളെക്കറിച്ച് പഠിക്കാനുള്ള അവസരം ഒരുക്കികൊടുത്തെങ്കിലും, സോജൻ മാസത്തിൽ ഒന്നോ രണ്ടോ ഞായറാഴ്ചയാണ് പള്ളിയിൽ പോകുന്നത്. മക്കളും ഭാര്യയും അമ്മയും പള്ളിയിൽ പോകുമ്പോൾ അയാൾ അടുക്കളയിൽ കയറി കപ്പയും ഇറച്ചിയും വയ്ക്കുകയായിരിക്കും.

മുഖം നോക്കാതെ ആരോടും വെട്ടിതുറന്ന് പറയുന്ന സ്വഭാവം കൊണ്ടായിരിക്കണം മറ്റുള്ളവർ അയാളിൽ നിന്നും അകലം പാലിച്ചു.

മറ്റുള്ളവർക്ക് അയാൾ ഒരു കർക്കശ സ്വഭാവക്കാരനും, മുട്ടാപോക്കുകാരനും ആണെങ്കിലും, നന്മയുള്ള ഒരു മനസ്സിന്റെ ഉടമയായിരുന്നു.

മോളുടെ വാക്കുകൾ അയാളുടെ ഹൃദയത്തിൽ പതിച്ചത് കൊണ്ടാവാം രാത്രി ഉറങ്ങാൻ കിടന്നിട്ടും അയാൾക്ക് ഉറക്കം വന്നില്ല.

മറ്റുള്ളവർ ഉറങ്ങിയപ്പോൾ, അയാൾ എഴുന്നേറ്റ് പേപ്പറും പേനയും എടുത്ത് ഹാളിൽ ചെന്നിരുന്നു.

മേശയുടെ പുറത്ത് കിടന്നിരുന്ന പത്രത്തിന്റെ മുകളിൽ പേപ്പർ വെച്ച് ദൈവത്തോടും പരിശുദ്ധ അമ്മയോടും പ്രാർത്ഥിച്ചതിനുശേഷം, അയാൾ പ്രസംഗം എഴുതാൻ തുടങ്ങി.

മയക്കം അയാളുടെ കണ്ണുകളെ തഴുകി അടച്ചു. മണി ഒന്നരയായി. പെട്ടെന്ന് അയാൾ ചാടിയെഴുന്നേറ്റ് മുഖം തുടച്ച് പേപ്പറും പേനയും എടുത്ത് ബാക്കി എഴുതി.

മുറിയിലേയ്ക്ക് കിടക്കാൻ പോകുന്നതിനുമുമ്പ് മറ്റൊരു വെള്ളപേപ്പറിൽ താനെഴുതിയ പ്രസംഗം പകർത്തി.

മക്കൾ രാവിലെ സ്കൂളിൽ പോകാനുള്ള തിരക്കും ബഹളവും കേട്ട് അയാൾ ഉണർന്നു. മുഖം കഴുകി വന്നിട്ട്, സോജനും ജോലിക്ക് പോകാൻ വേണ്ടി പെട്ടെന്ന് റെഡിയാകുകയായിരുന്നു.

മോളെ വിളിച്ചിട്ട്, താൻ ഇന്നലെ രാത്രിയിൽ എഴുതിയ പ്രസംഗത്തിന്റെ പേപ്പർ, അവൾക്ക് കൊടുക്കാൻ വേണ്ടി എടുത്തപ്പോൾ ഭാര്യ അടുക്കളയിൽ നിന്നും വന്നിട്ടു പറഞ്ഞു "എടീ പെണ്ണേ... ഈ മനുഷ്യൻ വല്ലപ്പോഴും ആണ് പള്ളിയിൽ പോകുന്നത്. ഈ മനുഷ്യൻ എഴുതിയ പ്രസംഗം നീ പറഞ്ഞാൽ ആളുകൾ കളിയാക്കും".

മുന്നോട്ട് നീട്ടിയ കൈകൾ, മോള് പെട്ടെന്ന് പുറകോട്ട് വലിച്ചു.

മോൾക്ക് വേണ്ടി, ഉറക്കമിളച്ച് എഴുതിയ പ്രസംഗത്തിന്റെ പേപ്പർ ഒന്ന് വായിച്ച് നോക്കാതെ അവൾ ബാഗ് തോളിലിട്ട് സ്കൂളിലേയ്ക്ക് പോയി.



മനസ്സിലേറ്റ മുറിവ്.... അയാൾ ആരെയും അറിയിക്കാതെ ആരോടും മിണ്ടാതെ മുറ്റത്തേയ്ക്ക് ഇറങ്ങി, ബൈക്ക് സ്റ്റാർട്ടാക്കി.

മുറ്റത്ത് ബൈക്ക് സ്റ്റാർട്ടാക്കുന്ന ശബ്ദം കേട്ട് ഭാര്യ റീന ഓടി മുറ്റത്തേയ്ക്ക് വന്നപ്പോൾ അയാൾ പോയി.

"ഈ മനുഷ്യന്റെ ഒരു കാര്യം ആഹാരംപോലും കഴിക്കാതെയാണ് ഇറങ്ങിപ്പോയത്. കഴിച്ചില്ലെങ്കിൽ കഴിക്കണ്ട. എവിടെയെങ്കിലും പോകട്ടെ" റീന പിറുപിറുത്തുകൊണ്ട് അടുക്കളയിലേക്ക് പോയി.

മക്കളുടെ കലാമത്സരം നടക്കുന്ന ഞായറാഴ്ച സോജനും കുടുംബവും കാലത്ത് തന്നെ പള്ളിയിൽ പോയി.

മാതാപിതാക്കളിൽ കുറച്ചു പേർ മാത്രമെ കലാമത്സരം കാണാൻ നിന്നുള്ളൂ.

മത്സരങ്ങൾ ഓരോന്നായി നടക്കുമ്പോഴും കുട്ടികളെക്കാളും ടെൻഷൻ അവിടെ ഉണ്ടായിരുന്ന മാതാപിതാക്കൾക്ക് ആയിരുന്നു.

മോളുടെ പ്രസംഗം കേട്ടപ്പോൾ റീന തലയുർത്തി ചുറ്റുപാടും നോക്കി.

മോളുടെ കൂട്ടുകാരിയുടെ പ്രസംഗം കഴിഞ്ഞപ്പോൾ പള്ളിയിലിരുന്നവർ ഒന്നടങ്കം കയ്യടിച്ചു പ്രോത്സാഹിപ്പിച്ചു.

"മനോഹരമായി പ്രസംഗം പറഞ്ഞ പെൺകുട്ടിക്ക് ആരായിരിക്കും ഇത്രയും നല്ല പ്രസംഗം എഴുതിക്കൊടുത്തത്" റീനയുടെ ചിന്ത അതായിരുന്നു.

മത്സരം കഴിഞ്ഞ് റിസൾട്ട് വന്നപ്പോൾ സോജന്റെ മോൾക്ക് സിംഗിൾ സോങ്ങിനും, ഗ്രൂപ്പ് സോംങ്ങിനും ഫസ്റ്റ് ആണെങ്കിലും പ്രസംഗത്തിന് മാത്രം സെക്കന്റ് ആയി.

മോളുടെ കൂട്ടുകാരി പ്രസംഗത്തിനുള്ള ഫസ്റ്റ് പ്രൈസ് വാങ്ങിച്ച്, തിരിച്ചു വന്നപ്പോൾ റീന അവളെ തന്റെ അടുത്തേയ്ക്ക് വിളിച്ച് അഭിനന്ദനം അറിയിച്ചിട്ട് ചോദിച്ചു "മോൾക്ക് ഇത്രയും നല്ല പ്രസംഗം എഴുതി തന്നത് ഏത് അച്ചനാണ്".

മുഖത്തെ സന്തോഷം മായാതെ അവൾ പള്ളിയുടെ പടിഞ്ഞാറ് ഭാഗത്ത് ഇരിക്കുന്ന സോജനെ ചൂണ്ടി കാണിച്ചിട്ട് പറഞ്ഞു "എനിക്ക് പ്രസംഗം എഴുതി തന്നത് സോജൻ അങ്കിളാണ്"

മനസ്സിൽ ഒരു വെള്ളിടി വെട്ടി. മോള് പറയേണ്ട പ്രസംഗമാണ്, താൻ കാരണം മോളുടെ കൂട്ടുകാരി പറയേണ്ടി വന്നത്.

മറ്റ് പലരോടും പ്രസംഗം എഴുതി തരാൻ പറഞ്ഞപ്പോൾ ആർക്കും സമയമില്ല എന്നായിരുന്നു മറുപടി. മനസ്സ് വിഷമിച്ച് കഴിഞ്ഞ തിങ്കളാഴ്ച സ്കൂളിലേയ്ക്ക് പോകുമ്പോഴാണ് വഴിക്കുവെച്ച് സോജൻ അങ്കിളിനെ കണ്ടത്.

മനസ്സിലെ വിഷമം ഞാൻ അങ്കിളിനോട് പറഞ്ഞപ്പോൾ, അങ്കിൾ എന്നെ ആശ്വസിപ്പിച്ചിട്ട്, പോക്കറ്റിൽ നിന്നും പ്രസംഗം എഴുതിയ പേപ്പർ എന്റെ കൈയ്യിൽ തന്നിട്ട് പറഞ്ഞു മോളെ ഞാൻ ഇത് ദൈവത്തിന്റെ കൃപയാലും മാതാവിന്റെ അനുഗ്രഹത്താലും എഴുതിയ പ്രസംഗമാണ്. മോള് നന്നായി പഠിച്ച് ഈ പ്രസംഗം പറയണം.

മുഖം തിരിച്ച് പടിഞ്ഞാറ് വശത്തേയ്ക്ക് റീന നോക്കിയപ്പോൾ, സോജൻ എഴുന്നേറ്റ് മോന്തളത്തിലേയ്ക്ക് നടന്ന് പോകുന്നതാണ് കണ്ടത്.

മറ്റുള്ളവരുടെ കഴിവുകൾ നമ്മൾ മനസ്സിലാക്കുന്നത് വളരെ വൈകിയായിരിക്കും. ആത്മീയമായ അറിവ് ഒരുപാട് ഉണ്ടെന്ന് വിചാരിച്ച് താൻ ഒന്നും അല്ലായെന്നുള്ള തിരിച്ചറിവ് അത് അവളുടെ ഭർത്താവിന്റെ മഹത്വം മനസ്സിലാക്കാൻ സഹായിച്ചു.

"നിന്റെ പ്രാകാരങ്ങളിൽ പാർക്കേണ്ടതിനു നീ തെരഞ്ഞെടുത്ത് അടുപ്പിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ".

●

# ഇങ്ങനെയും ജീവിതം

ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

കുമരകം സ്വദേശി മനോഹരൻ (55) ഏറെ നാളുകളായി ഹൃദയസംബന്ധമായ രോഗത്താൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. പിന്നീട് അവിടെതന്നെ ബൈപാസ് ഓപ്പറേഷനും നടത്തി. എന്നാൽ 2019 ൽ നടുവിനുണ്ടായ അസഹനീയമായ വേദനയെ തുടർന്ന് ആശുപത്രിയിലെത്തി വിദഗ്ധമായ പരിശോധനയിൽ കിഡ്നിയിൽ ഒരു മുഴയുണ്ടെന്നു കണ്ടെത്തി. അത് ഓപ്പറേഷൻ ചെയ്യുവാൻ കഴിയാത്ത വിധത്തിലാണെന്നും ഡോക്ടേഴ്സ് അറിയിച്ചു. അതിനെ തുടർന്ന് കിഡ്നിയുടെ പ്രവർത്തനം ക്രമേണ സ്തംഭിച്ചു. അതിനാൽ ഡയാലിസിസ് ആരംഭിച്ചു ഇപ്പോൾ അത് ആഴ്ചയിൽ മൂന്നുതവണ നടത്തി വരുന്നു. ഇദ്ദേഹം മത്സ്യതൊഴിൽ ചെയ്ത് കുടുംബം പുലർത്തി വരികയായിരുന്നു. ഇവർക്കു രണ്ടു ആൺമക്കളും, ഒരു മകളുമാണുള്ളത്. മകളുടെ വിവാഹം കഴിഞ്ഞു. ആൺമക്കൾ പെയ്ന്റിംഗ് ജോലിക്കു പോകുന്നു. ഇവർക്കു സ്വന്തമായി ഒരു വീടുപോലുമില്ല.

ഡയാലിസിസ് ആഴ്ചയിൽ മൂന്നു തവണ ചെയ്യുവാനുള്ള നിവൃത്തി ഇവർക്കില്ല. ഓരോ തവണയും ഏകദേശം 2500/- രൂപ ചിലവു വരുന്നുണ്ട്. ഇപ്പോഴും ഇടയ്ക്കിടെ നടുവിന്റെ വേദന വേട്ടയാടുന്നുണ്ട്. അത് ഏറെ അസഹനീയമാണ്. കണ്ടു നില്ക്കുവാൻ പോലും കഴിയില്ലയെന്നാണ് അദ്ദേത്തിന്റെ ഭാര്യ പറയുന്നത്. നല്ലവരായ ആളുകളുടെ സഹായങ്ങൾ കൊണ്ട് കാര്യങ്ങൾ നടക്കുന്നു. കാശില്ലാതെ വരുമ്പോൾ ഡയാലിസിസിനു പോകാറില്ല. അതിന്റേതായ അസ്വസ്ഥതകൾ അപ്പോൾ വരാറുമുണ്ട്. കഴിഞ്ഞദിവസം പോകേണ്ടതായിരുന്നു. പക്ഷെ പോയില്ല കാശില്ലായിരുന്നു. കഴിയുമെങ്കിൽ സഹായിക്കണെയെന്ന് ആ അമ്മ വിനയപൂർവ്വം അപേക്ഷിച്ചു. അവരോട് ആരോ പറഞ്ഞതാണ് ഞങ്ങളുടെ കാര്യം. ഒപ്പം പ്രാർത്ഥിക്കുവാനും അപേക്ഷിച്ചു.

നടുവൊടിക്കുന്ന ദാരിദ്ര്യത്തിന്റെ നടുവിലും ഭവനത്തിന്റെയും, ഭർത്താവിന്റെയും ചികിത്സ കാര്യങ്ങൾക്കും ആയിട്ട് മക്കളുടെ വരുമാനം തികയാതെ വരുന്നതിന്റെ ബുദ്ധിമുട്ട് ആ അമ്മ പറഞ്ഞറിയിച്ചു. മക്കളാണെങ്കിൽ തങ്ങൾക്കു കിട്ടുന്ന കാശ് മറ്റ് യാതൊരു ദുർചിലവുകളും നടത്താതെ അച്ഛന്റെ ചികിത്സയ്ക്കായി അമ്മയുടെ അടുക്കൽ കൊണ്ടു കൊടുക്കും. മക്കളെ കൊണ്ട് യാതൊരു ദുഃഖവുമില്ല. വീടും വീട്ടുകാര്യവും നോക്കുവാൻ അവർ ശ്രമിക്കുന്നുണ്ട്.

എളിയവനെയും, ദരിദ്രനെയും കുറിച്ച് ദൈവം വിചാരിക്കുന്നു. അവൻ അവരെ വിടുവിക്കുകയും, സഹായിക്കുകയും ചെയ്യുന്നു. സഹായിക്കുവാനും, വിടുവിക്കുവാനും ദൈവം തനിക്കായി തിരഞ്ഞെടുത്തിട്ടുള്ളവരാണ് ഓരോ വിശ്വാസിയും. അതുകൊണ്ട് സൃഷ്ടാവിനെ ശുശ്രൂഷിക്കുവാൻ ലഭിക്കുന്ന അവസരമാണ് അപരന്റെ ദാരിദ്ര്യം എന്നു കാണുവാൻ കഴിയണം. അതിനെ നിന്ദയായും പരിഹാസമായും, പുച്ഛമായും, വെറുപ്പായും കാണാൻ ഇടയാകരുത്. സദൃ.17:5 ൽ പറയുന്നു "ദരിദ്രനെ പരിഹസിക്കുന്നവൻ അവന്റെ സൃഷ്ടാവിനെ നിന്ദിക്കുന്നു". എന്നാൽ ദരിദ്രനോടു കരുണയും, ദയയും കാണിക്കുന്നവനും, അവന്റെ ആവശ്യങ്ങളോട് അനുകൂലമായ് പ്രതികരിക്കുന്നവനും അവന്റെ സൃഷ്ടാവിനെ ബഹുമാനിക്കുന്നു. സദൃ.14:31 –"ദരിദ്രനോടു കൃപ കാണിയ്ക്കുന്നവനോ അവന്റെ സൃഷ്ടാവിനെ ബഹുമാനിക്കുന്നു". ഇങ്ങനെ നമ്മുടെ മുമ്പിൽ കാണുകയും, നാം കേൾക്കുകയും, നാം അറിയുകയും ചെയ്യുന്ന സംഭവങ്ങളിൽ നമ്മിലെ നന്മയുടെയും, കാരുണ്യത്തിന്റെയും കണ്ണുകളെ തുറക്കുവാൻ ദൈവം സംഗതിയാക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

●

മല്പാനോടു ചോദിക്കാം

# രക്ഷാകര പദ്ധതിയിൽ പീഢാനുഭവത്തിന്റേയും ക്രൂശുമരണത്തിന്റേയും പ്രസക്തിയെന്ത്?

**ഇല്ലായ്മയിൽ നിന്ന് സകലത്തേയും ഉളവാക്കിയ ദൈവത്തിന് ഒരു വാക്കിലൂടെ രക്ഷാകര കർമ്മം നിർവ്വഹിക്കാമായിരുന്നില്ലേ? പാപം ചെയ്ത മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ ദൈവം ശരീരം ധരിക്കുകയും അതിൽ കഷ്ടത അനുഭവിക്കുകയും ചെയ്തതെന്തിന്?**

സകല ചരാചരങ്ങളേയും ശബ്ദംകൊണ്ട് (വചനം) സൃഷ്ടിച്ച ദൈവം മനഷ്യനെ സൃഷ്ടിച്ചത് തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലുമാണ് (ഉല്പ.1:26). അതായത് ദൈവീകമായ അംശത്തോടും പൂർണ്ണ സ്വാതന്ത്ര്യത്തോടും ആണ് സൃഷ്ടിച്ചത്. ആ സ്വരൂപവും സാദൃശ്യവും നിലനിൽക്കെ ദൈവകല്പനയെ ലംഘിച്ച് പാപം ചെയ്ത് ആത്മമരണം പ്രാപിച്ച മനുഷ്യനെ വീണ്ടെടുക്കുവാൻ അതേ സ്വരൂപവും സാദൃശ്യവും നിറഞ്ഞ ശരീരം സ്വീകരിച്ച് അതിൽ പരിഹാരം കാണുക എന്നുള്ളത് ദൈവീക പദ്ധതിയായിരുന്നു.

കർത്താവിന്റെ രക്ഷാകര പ്രവർത്തനങ്ങളിൽ മനുഷ്യാവതാരം, സ്നാനം, പരസ്യശുശ്രൂഷ, പീഢാനുഭവം, കുരിശുമരണം, പുനരുദ്ധാനം, സ്വർഗ്ഗാരോഹണം എല്ലാം ഉൾപ്പെട്ടിരിക്കുന്നു. ഇവയെല്ലാം പ്രധാനപ്പെട്ട സംഭവങ്ങളാണെങ്കിലും കുരിശുമരണത്തിലും പുനരുദ്ധാനത്തിലും അതിന്റെ പൂർണ്ണത വെളിപ്പെടുന്നു.

ഏദനിൽ പാപം ചെയ്ത് പുറത്തുപോയ മനുഷ്യന് ദൈവം നൽകിയ രക്ഷാവാഗ്ദാനമായി ഉല്പ. 3:15 കാണാവുന്നതാണ്. ഇതിൽ പാമ്പ് സാത്താന്റെ പ്രതിരൂപത്തേയും സ്ത്രിയുടെ സന്തതി എന്നത് ക്രിസ്തുവിന്റെ പ്രതിരൂപത്തേയും സൂചിപ്പിക്കുന്നു. എല്ലാ മനുഷ്യരേയും പ്രസവിക്കുന്നത് സ്ത്രീകളാണെങ്കിലും അവരെല്ലാം പുരുഷന്റെ സന്തതിയായി ജനിക്കുന്നവരാണ്. എന്നാൽ പുരുഷബന്ധം കൂടാതെ സ്ത്രീയിൽ നിന്നുമാത്രം ശരീരം സ്വീകരിച്ച് ജനിച്ച വ്യക്തി യേശുക്രിസ്തു മാത്രമാണ്. (ലൂക്കോ. 1:26–35). അതിനാൽ സ്ത്രീയുടെ സന്തതി എന്നറിയപ്പെടുന്നത് ക്രിസ്തു മാത്രമാണ്.

30–ാം വയസ്സിൽ തന്റെ പൗരോഹിത്യ ശുശ്രൂഷ ആരംഭിക്കുന്ന കർത്താവ് (ലൂക്കോ. 3:23) യോർദ്ദാനിൽവച്ച് സ്നാനം ഏറ്റ് തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതോടുകൂടി സർപ്പമാകുന്ന സാത്താന്റെ തല ചതയ്ക്കുന്ന പ്രവർത്തനം ആരംഭിച്ചു. യോർദ്ദാൻ മുതൽ കാൽവറി വരെ നീണ്ടുനിന്ന മൂന്നര വർഷക്കാലത്തെ തന്റെ പ്രവർത്തനത്തിലൂടെ "സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കും" എന്ന രക്ഷാകര വാഗ്ദാനം താൻ നിറവേറ്റുകയായിരുന്നു.

ദൈവം മനുഷ്യശരീരം സ്വീകരിച്ച് അതിൽ കഷ്ടത സഹിച്ച് മരിച്ചത് ദൈവിക പദ്ധതിയായിരുന്നു. മനുഷ്യശരീരംകൊണ്ട് പാപം ചെയ്താണ് മനുഷ്യൻ ആത്മമരണം പ്രാപിച്ചതെങ്കിൽ ദൈവം അതേശരീരം സ്വീകരിച്ച് അതിൽ കഷ്ടത അനുഭവിച്ച് പാപത്തിന് പരിഹാരം കാണുകയാണ്. വിലക്കപ്പെട്ട വൃക്ഷഫലം ഭക്ഷിച്ചാണ് മനുഷ്യൻ മരിച്ചതെങ്കിൽ വൃക്ഷത്തിൽ തന്നെ (കുരിശുമരണം) തന്റെ ജീവൻ ബലിയർപ്പിച്ചാണ് ദൈവം മനുഷ്യനെ വീണ്ടെടുക്കുന്നത്. അതിനാൽ ജഡധാരണവും, കുരിശുമരണവും രക്ഷാകരപദ്ധതിയിൽ അനിവാര്യ സംഭവങ്ങളായി.

കർത്താവിന്റെ ക്രൂശുമരണത്തിന് നിഴലായി പഴയനിയമത്തിൽ സംഭവിച്ച പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു മോശ മരുഭൂമിയിൽ പിത്തളസർപ്പത്തെ ഉയർത്തിയത് (സംഖ്യ.21:4–9). ദൈവത്തിന്റെ പ്രതിനിധിയായ മോശയോട് യിസ്രയേൽജനം എതിർത്തത് ദൈവത്തോടുള്ള മത്സരമായി കണ്ട ദൈവം ജനത്തിന്റെ ഇടയിൽ അഗ്നിസർപ്പത്തെ അയച്ച് ജനത്തെ ശിക്ഷിക്കുന്നു. മഹാമദ്ധ്യസ്ഥനായ മോശ



യുടെ അപേക്ഷയും പ്രാർത്ഥനയും മൂലം ദൈവം അതിന് നിർദ്ദേശിച്ച പരിഹാരം "പാളയമദ്ധ്യത്തിൽ അഗ്നിസർപ്പത്തിന്റെ രൂപം പിത്തളകൊണ്ട് ഉണ്ടാക്കി ഉയർത്തുക" എന്നായിരുന്നല്ലോ. അഗ്നിസർപ്പത്തിന്റെ കടിയേറ്റു മരിക്കുന്ന ജനത്തിന് രക്ഷാമാർഗ്ഗമായി ഉയർത്തപ്പെട്ടത് അഗ്നിസർപ്പത്തിന്റെ രൂപം തന്നെയായിരുന്നു എന്നത് ശ്രദ്ധേയമാണ്.

അഗ്നിസർപ്പത്തിന്റെ ദംശനം ഏൽക്കുന്നവർ വിശ്വാസത്തോടെ പിത്തളസർപ്പത്തെ നോക്കിയാൽ അവർ രക്ഷപ്രാപിക്കുന്നു. അല്ലാത്തവൻ മരിക്കുന്നു. ഇവിടെ പിത്തളസർപ്പത്തെ നോക്കാനും നോക്കാതിരിക്കാനുമുള്ള അവകാശം കടിയേൽക്കുന്നവനുണ്ടായിരുന്നു.

പ്രത്യുത സംഭവത്തിന്റെ പൂർത്തീകരണമായി കർത്താവിന്റെ കാൽവറിയാഗത്തെ കാണാവുന്നതാണ്. അഗ്നിസർപ്പമായ സാത്താൻ ഭൂമിയിൽ നമ്മെ കടിച്ചുകൊണ്ടിരിക്കുന്നു (പാപപ്രവർത്തി). കാൽവറിയിൽ ഉയർത്തപ്പെട്ട ക്രിസ്തുവിൽ വിശ്വാസത്തോടെ നോക്കുന്നവൻ രക്ഷപ്രാപിക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനുമുള്ള അവകാശം ഇവിടെ നിലനിൽക്കുകയാണ്. കാരണം രക്ഷ എന്നത് ആരേയും അടിച്ചേൽപ്പിക്കാനാവില്ല, പ്രത്യുത ആവശ്യക്കാരനു മാത്രം ലഭ്യമാകുന്നതാണ്. പാമ്പുകടിയേൽക്കുന്നവന് പാമ്പിന്റെ രൂപംതന്നെ പരിഹാരം ആയതുപോലെ മനുഷ്യശരീരത്തിൽ പാപം ചെയ്ത മനുഷ്യന് മനുഷ്യശരീരം ധരിച്ച ക്രിസ്തു തന്റെ ശരീരത്തിൽ അതിനു പരിഹാരം കണ്ടു. "മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നെ" (യോഹ.3:14) എന്ന് യേശു പറഞ്ഞതും അതുകൊണ്ടത്രേ.

ഒന്നാം ആദാം ചെയ്ത തെറ്റിന് പരിഹാരം കണ്ട രണ്ടാം ആദം എന്ന രീതിയിലാണ് വി. പൗലോസ് യേശുവിനെ തന്റെ ലേഖനങ്ങളിൽ അവതരിപ്പിച്ചിട്ടുള്ളത്. "ഏകന്റെ ലംഘനത്താൽ സകല മനുഷ്യരിലും ശിക്ഷാവിധി വന്നതുപോലെ ഏകന്റെ നീതിയാൽ സകല മനുഷ്യർക്കും ജീവകാരണമായ നീതികരണവും വന്നു. ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും (റോമ.5:12-19). "ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും" (1. കൊരി 15:22).

ആദ്യമനുഷ്യൻ ശരീരത്തിൽ ഇരുന്നുകൊണ്ട് ചെയ്ത തെറ്റിന് രണ്ടാം ആദമായ ക്രിസ്തു അതേ ശരീരത്തിൽ പരിഹാരം കണ്ടു എന്ന് പൗരസ്ത്യ പിതാക്കന്മാർ ആരാധനാ ഗീതങ്ങളിലൂടെ നമ്മെ പഠിപ്പിക്കുന്നു.

"നാഥൻ മൃതരിടയിലുറപ്പി-ച്ചാദത്തെ
ഖേദിക്കേണ്ടാ നിൻ പാപ - ത്തെയോർത്തിനിയും നീ
നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടടികൾ
ഏദൻ കനി നീ തിന്നതിനാൽ കൈപ്പും കുടിച്ചേൻ ഞാൻ
നഗ്നതയാൽ- നീ ഇലകൾ ചാർത്തി
നഗ്നതയോടെന്നയവർ തൂക്കി
ഞാൻ ചിന്തിയ രക്തത്താൽ പോയ് കോപം താതന്റെ
(കൃംതാ സന്ധ്യാപ്രാർത്ഥന)

(കർത്താവു മരിച്ചവരുടെ ഇടയിൽ ചെന്ന് ആദമിനെ ഉറപ്പിച്ചു. നിന്റെ പാപത്തെയോർത്തു നീ ഇനിയും ദുഃഖിക്കരുത്. കാരണം നീ കുറ്റം ചെയ്തതിനു ഞാൻ അടികൾ ഏറ്റു. നീ ഏദനിലെ പഴം തിന്നതുകൊണ്ട് ഞാൻ കൈപ്പു കുടിച്ചു. നീ നഗ്നതകൊണ്ട് ഇലകൾ തുന്നി ഉടുത്തു. അവർ എന്നെ നഗ്നതയോടെ കുരിശിൽ തൂക്കി. ഞാൻ ചൊരിഞ്ഞ രക്തംകൊണ്ട് പിതാവിന്റെ ദേഷ്യം മാറി).

മോദിക്ക വിശുദ്ധ സഭേ നമ്മുടെ നാഥൻ
മൂന്നാം നാളിൽ ജീവിച്ച- ക്കബറി-ന്നെഴുന്നേറ്റാൻ
പാപത്തെക്കൊലയാൽ കൊന്നാൻ- മൃതിയെ മൃതിയാൽ
ക്രോബകൾ കുന്തം താനേറ്റക്കുന്ത - ത്താൽ നീക്കി
തൻ കബറാൽ- തീർത്താൻ കബർനാശം
തന്നുദ്ധാ-നാലിങ്ങുയിരേകി
ഏറ്റിവ താൻ പോക്കി വഴിത്തെ-റ്റല്ലാം ഞങ്ങളുടെ

(വി. സഭേ നമ്മുടെ കർത്താവ് മൂന്നാം നാളിൽ കബറിൽ നിന്ന് ഉയിർത്തെഴുന്നേറ്റതിനാൽ സന്തോഷിക്ക. തന്റെ മരണത്താൽ മരണത്തെ താൻ ഇല്ലാതാക്കി. തന്റെ മരണത്താൽ പാപത്തേയും ഇല്ലാതാക്കി. താനേറ്റ കുന്തത്താൽ ദൈവകോപവും ഇല്ലാതാക്കി. തന്റെ കബറാൽ കബറിൽ കൂടിയുള്ള നാശവും ഒഴിവാക്കി. തന്റെ ഉയർത്തെഴുന്നേല്പ്പിനാൽ ജീവനും നൽകി. ഞങ്ങളുടെ എല്ലാ കുറ്റവും അവൻ ഏറ്റ് പരിഹാരം നേടിതന്നു). (കൃംതാ- സന്ധ്യാഗീതങ്ങൾ)

മേൽപ്പറഞ്ഞ കാരണങ്ങളാൽ ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ പീഢാനുഭവവും കുരിശുമരണവും അനിവാര്യ ഘടകങ്ങളാകുന്നു.

# കൂടാരപ്പെരുന്നാൾ (മറുരൂപ പെരുന്നാൾ)
## ആഗസ്റ്റ് 6

സുവിശേഷവിവരണ പ്രകാരം യേശു തന്റെ ശിഷ്യരായ പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ട് ഒരു ഉയർന്ന മലയിലേക്ക് പോയി അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടതായി വി. മത്തായി 17:1-18; വി. മർക്കോസ് 9:2-8; വി. ലൂക്കോസ് 9:28-36 എന്നീ വേദഭാഗങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

അപ്പോൾ നൂറ്റാണ്ടുകൾക്ക് മുമ്പ് വാങ്ങിപ്പോയ മോശയും, ഏലിയാവും യേശുവിനോട് സംഭാഷണം നടത്തുന്നു. അതും ഭാവിയിൽ യെരുശലേമിൽ യേശു പ്രാപിക്കാനിരിക്കുന്ന നിര്യാണത്തെക്കുറിച്ചും.

ഈ സംഭവത്തിലൂടെ യേശു ദൈവപുത്രനാണെന്ന് വെളിപ്പെടുത്തുന്നു നമ്മിൽ നിന്ന് വാങ്ങിപ്പോയവർ സജീവരാണെന്നും പ്രതിഫലിക്കുന്നു.

ഈ പെരുന്നാളിൽ സംബന്ധിക്കുന്നതിലൂടെ യേശുവിനെ ദൈവപുത്രനാണെന്ന് ആഴമായി വിശ്വസിക്കുവാനും, നമ്മുടെ വാങ്ങിപ്പോയവർ സജീവരാകയാൽ അവർക്കു വേണ്ടി പ്രാർഥിക്കുവാനും, ഈ ലോകത്തിനപ്പുറം ദൈവരാജ്യം യേശു നമുക്കായി ഒരുക്കുന്നതിനാൽ അതിനെ പ്രാപിപ്പാനുമുള്ള തയ്യാറെടുക്കാം.

# ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ

ഫാ. കുറിയാക്കോസ് ഏബ്രഹാം കിഴക്കേമുറിയിൽ

**ആമുഖം**

ദൈവജനനിയായ പരി. കന്യകമറിയം, ദാവീദിന്റെ രാജ കുടുംബത്തിൽനിന്നും, വംശത്തിൽ നിന്നും ഉത്ഭവിച്ച ഭാഗ്യ വതിയും നിത്യകന്യകയുമായ മറിയാം നസ്രേത്ത് നഗര ത്തിൽ ജനിച്ചു. പിതാവിന്റെ പേര് യൂയാക്കിം എന്നും മാതാ വിന്റെ പേര് ഹന്നാ എന്നും ആയിരുന്നു. പിതാവിന്റെ കുടുംബം ഗലീലയിലെ നസ്രേത്ത് പട്ടണത്തിലും മാതാ വിന്റെ കുടുംബം ബേത്‌ലഹേമിലും ആയിരുന്നു. അവരുടെ ജീവിതം ദൈവദൃഷ്ടിയിൽ ഭക്തി സമ്പൂർണ്ണവും കുറ്റമറ്റതും ആയിരുന്നു. അവരുടെ സ്വത്തുക്കൾ മൂന്നായി അവർ വിഭജിച്ചു. ധനം ഒരു ഭാഗം ദൈവാലയത്തിനും, ദൈവീക ശുശ്രൂഷ യ്ക്കും, മറ്റൊരു ഭാഗം അഗതികൾക്കും ദരിദ്രർക്കും മൂന്നാം ഭാഗം കുടുംബത്തിനുമായി ഉപയോഗിച്ചു. അവർക്ക് മക്കളി ല്ലായിരുന്നു.

മകനോ, മകളോ ജനിക്കുന്ന പക്ഷം പൈതലിനെ ദൈവീക ശുശ്രൂഷയ്ക്കായി സമർപ്പിച്ചുകൊള്ളാമെന്ന് നേർച്ച നേർന്നു. അങ്ങനെ വർഷങ്ങൾ പുരോഗമിക്കുമ്പോൾ വാർദ്ധ ക്യാവസ്ഥയിൽ അവൾ ഒരു കുഞ്ഞിനെ പ്രസവിച്ചു. മാലാ ഖയുടെ കല്പന അനുസരിച്ച് കുഞ്ഞിനെ മറിയാം എന്ന് പേരിട്ടു. കുഞ്ഞിന് മൂന്ന് വയസ്സ് പ്രായമായപ്പോൾ കുഞ്ഞിനെ



ദൈവാലയത്തിൽ സമർപ്പിച്ചു. അങ്ങനെ ദൈവാലയ ശുശ്രൂ ഷകളിൽ മുഴുകി തിന്മകളിൽനിന്ന് അകന്നും നന്മകൾ നിറഞ്ഞും കർത്താവിന്റെ മണവാട്ടിയായി ദൈവാലയത്തിൽ തന്നെ മറിയാം വളർന്നു.

14-ാം വയസ്സിലെത്തിയപ്പോൾ ഈ പ്രായത്തിൽ എത്തി യവരെല്ലാം സ്വഭവനങ്ങളിലേക്ക് തിരിച്ചുപോകണമെന്നോ അല്ലെങ്കിൽ രാജ്യത്തെ നിയമം അനുസരിച്ച് വിവാഹിതരാ കാൻ ശ്രമിക്കണമെന്ന് മഹാപുരോഹിതന്റെ കല്പന വന്നു. ദൈവത്തിന്റെ കന്യകയായ മറിയാം കല്പനയ്ക്കു വഴങ്ങു വാൻ നിവൃത്തിയില്ലാ എന്നറിയിച്ചു. കാരണം മാതാപിതാ ക്കൾ തന്നെ ദൈവസേവനത്തിനായി നേർന്നിരിക്കുകയാ ണെന്നും താൻ തന്നെത്തന്നെ ദൈവത്തിന്റെ കന്യകയായി നേർന്നിരിക്കുകയാണെന്നും ഒരു പുരുഷനുമൊത്ത് ശയിച്ച് ആ നേർച്ച ലംഘിക്കുകയില്ല എന്നും അവൾ അറിയിച്ചു. അനന്തരം ദൈവത്തിന്റെ ഹിതം അറിയുവാൻ മഹാപുരോ ഹിതൻ വിശുദ്ധ സ്ഥലത്ത് ചെന്ന് യാഗപീഠത്തിങ്കൽ നിന്നുകൊണ്ട് പ്രാർത്ഥിച്ചു. ഉടൻ തന്നെ കൃപാസനത്തിൽ നിന്ന് അരുളപ്പാടുണ്ടായി. ഈ കന്യകയെ ആരെ ഏല്പിക്ക ണമെന്നും വിവാഹം നിശ്ചയം ചെയ്യണമെന്നുള്ള കാര്യം നിശ്ചയിക്കുകയെന്ന്. എന്തെന്നാൽ "യെശയ്യാ പ്രവാചകൻ പറയുന്നു. "യെശ. 11:1-2 യിശ്ശായിയുടെ കുറ്റിയിൽനിന്ന് മുള പൊട്ടി പുറപ്പെടും അവന്റെ വേരുകളിൽനിന്ന് ഒരു കൊമ്പ് ഫലം കായ്ക്കും, അവന്റെ മേൽ യഹോവയുടെ ആത്മാവ് നിവസിക്കും. ജ്ഞാനത്തിന്റെയും, വിവേകത്തിന്റെയും ആത്മാവ്, ആലോചനയുടെയും ബലത്തിന്റെയും ആത്മാവ് പരിജ്ഞാനത്തിന്റെയും യഹോവഭക്തിയുടെയും ആത്മാവ് തന്നെ".

ആകയാൽ ദൈവമായ കർത്താവ് തന്നെ നിങ്ങൾക്കു ഒര ടയാളം തരും "കന്യക ഗർഭിണിയായി മകനെ പ്രസവിക്കും! ഇമ്മാനുവേൽ എന്ന് അവന്റെ പേര് വിളിക്കപ്പെടും" (യെശയ്യാ 7:14). ഈ പ്രവചനത്തിന്റെ വെളിച്ചത്തിൽ ദാവീദിന്റെ വംശ ജരും കുടുംബത്തിൽപെട്ടവരും അവിവാഹിതരും, വിവാഹി തരുമായ എല്ലാ പുരുഷന്മാരും അവരുടെ വടി യാഗപീഠ ത്തിൽ കൊണ്ടുവരണമെന്നും ആരുടെ വടിയിൽ ലില്ലി പുഷ്പം മുളക്കുകയും അതിന്മേൽ കർത്താവിന്റെ ആത്മാവ് പ്രാവിന്റെ രൂപത്തിൽ വന്നിരിക്കുകയും ചെയ്യുന്നുവോ അയാൾക്ക് കന്യകയെ വിവാഹം നിശ്ചയിച്ച് നൽകണമെന്നും കല്പനയായി. അങ്ങനെ ദാവീദിന്റെ വംശജനും കുടുംബ ത്തിൽപ്പെട്ടവനും വളരെ പ്രായം ചെന്ന/ഭാര്യ മരിച്ചവനുമായ യൗസേഫിന്റെ വടി പുഷ്പിക്കുകയും പ്രാവ് വന്നിരിക്കു കയും അത് പിന്നീട് യൗസേഫിന്റെ തലയിൽ വന്നിരിക്കു കയും ചെയ്തു. യൗസേഫ് നിരസിച്ചുകൊണ്ടു പറഞ്ഞു "ഞാൻ വൃദ്ധനാണ്. കാഴ്ച കുറവാണ് മക്കളുമുണ്ട്, ഇവൾ യുവതിയാണ്. ഇസ്രായേലിൽ ഞാൻ പരിഹാസ പാത്രമാ കുമോ എന്ന് ഞാൻ ഭയപ്പെടുന്നു". മഹാപുരോഹിതൻ പറഞ്ഞു യൗസേഫേ, നീ കർത്താവിനെ ഭയപ്പെടുക. അങ്ങനെ കന്യകയുടെ സംരക്ഷണം ദൈവം യൗസേഫിനെ ഏല്പിക്കുകയും ചെയ്തു.

**1). പരി. സഭയിൽ ദൈവമാതാവിന്റെ പ്രാധാന്യം എന്താണ്?**

പരി. സഭയിൽ ദൈവമാതാവിനെ ഓർക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പെരുന്നാളാണ് ശൂനോയോ പെരുന്നാൾ, അഥവാ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ. പരി. സഭയിൽ 5 നോമ്പുകളാണ് സഭ കാനോനികമായി അംഗീകരിച്ചിട്ടുള്ളത്. അതിൽ പ്രധാനപ്പെട്ട നോമ്പ് ആണ് ആഗസ്റ്റ് മാസം 1-15 വരെയുള്ള ശൂനോയോ നോമ്പ്. ഇതു കൂടാതെ പരി. മറിയത്തെ സഭ ഓർക്കുന്ന മറ്റു ദിവസങ്ങൾ. 1). ജനുവരി 15- കതിരുകൾ/വിത്തുകൾ പ്രതിയുള്ള പെരുന്നാൾ 2) മാർച്ച് 25- വചനിപ്പ് പെരുന്നാൾ, 3) ആഗസ്റ്റ് 15- ശൂനോയോ, 4). സെപ്തംബർ 8- ജനനപെരുന്നാൾ (5) ഡിസംബർ 25 ന് മുമ്പുള്ള സൺഡേ വീണ്ടും വചനിപ്പു ഞായർ (യൽദോയ്ക്ക് മുമ്പ്) 6) ഡിസംബർ 26- അമ്മയുടെ പുകഴ് പ്പെരുന്നാൾ 7) പ്രതിദിന പ്രാർത്ഥനയിൽ ശീമോ നമസ്കാരത്തിൽ ബുധൻ 3-ാം മണിയുടെ പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നത് അമ്മയുടെ മദ്ധ്യസ്ഥതയിലാണ്.

**ആഗസ്റ്റ് 15 ശൂനോയോപെരുന്നാൾ**

'ശൂനോയോ' എന്ന പദത്തിന്റെ Root 'ശ്നായോ' എന്ന വാക്കിന്റെ അർത്ഥം "ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്ക് മാറ്റപ്പെടുന്നു" എന്നാണ്. പലപ്പോഴും നമ്മൾ ഒക്കെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള ഒരു പദം ഉണ്ട്, 'പരി. ദൈവമാതാവ് സ്വർഗ്ഗാരോഹണം' ചെയ്തു. മാതാവിന്റെ സ്വർഗ്ഗാരോഹണ പെരുന്നാൾ ചില ആളുകൾ മാതാവിന്റെ സ്വർഗ്ഗാരോഹണം എന്ന് വിശദീകരിക്കും. ഒരു കാര്യം ആദ്യമെ ഓർമ്മിപ്പിക്കട്ടെ മാതാവ് സ്വർഗ്ഗാരോഹണം ചെയ്തില്ല. സ്വർഗ്ഗാരോഹണം ചെയ്തത് പുതിയ നിയമത്തിൽ കർത്താവ് മാത്രമാണ്. സ്വർഗ്ഗാരോഹണ പെരുന്നാൾ യേശുവിന്റെ പെരുന്നാളാണ്. കർത്താവിന്റെ സ്വർഗ്ഗാരോഹണ പെരുന്നാളാണ്, സഭയുടെ സ്വർഗ്ഗാരോഹണപെരുന്നാൾ. അതുകൊണ്ടാണ് "ശൂലോക്കോ" എന്നു പറയുന്നത്. 'ശ്ലേക്ക്' എന്ന പദം - "സ്വർഗ്ഗത്തിലേക്ക് കയറി." യേശുമശിഹ മരിച്ചു, അടക്കി, പുനരുത്ഥാനം ചെയ്തു സ്വർഗ്ഗത്തിലേക്ക് കയറി. സ്വയമേവ സ്വർഗ്ഗത്തിലേക്ക് കയറി അതുകൊണ്ട് ഇതിനെ ശൂലോക്കോ പെരുന്നാൾ എന്നു സഭ പറയുന്നത്. അല്പം കൂടി മനസ്സിലാകുന്നവിധം പറഞ്ഞാൽ ദൈവമാതാവ് മരിച്ചു എഫേസോസിലെ സഭ യോഹന്നാൻ ശ്ലീഹായുടെ പ്രധാന കാർമ്മികത്വത്തിൽ ജീവനോട് ഇരിക്കുന്നവരും വാങ്ങിപ്പോയവരുമായ അപ്പോസ്തലന്മാർ എല്ലാവരും ചേർന്ന് ഏറ്റവും ആദരപൂർവ്വം അമ്മയുടെ ശരീരം സംസ്കരിച്ചു. ആ സമയം ഇന്ത്യയിൽനിന്നും തോമസ്ശ്ലീഹാ, മറ്റു സ്ഥലങ്ങളിൽ ഉണ്ടായിരുന്ന അപ്പോസ്തേലന്മാർ എല്ലാവരും ഓയാറിൽ അവിടെ എത്തി എന്നുള്ള കാര്യങ്ങൾ ശൂനോയോ പെരുന്നാളിന്റെ സന്ധ്യയുടെ പ്രെമിയോനിൽ വായിക്കുന്നുണ്ട്.എന്നാൽ കർത്താവ് ആരിൽനിന്ന് ശരീരം എടുത്തോ ആ ശരീരം അഴുകാൻ സമ്മതിക്കാതെ ദൈവപുത്രൻ അമ്മയുടെ ശരീരം സ്വർഗ്ഗത്തിലേക്ക് എടുത്തു. അതാണ് ഈ പെരുന്നാൾ.

പരി. സുറിയാനി സഭയിൽ ദൈവമാതാവിനെ ഓർക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പെരുന്നാളാണ് ശൂനോയോ പെരുന്നാൾ (വാങ്ങിപ്പ്). ഇതിനോട് അനുബന്ധിച്ചുതന്നെ അമ്മയുടെ ജനനപ്പെരുന്നാളും സഭ ആചരിക്കുന്ന പതിവുണ്ട്. ആരാധനാ ചരിത്രം പഠിച്ചാൽ സുറിയാനിസഭ ഉപയോഗിക്കുന്ന പെങ്കീസ്സാ നമസ്കാരത്തിന് നൂറ്റാണ്ടുകളുടെ പഴക്കം ഉണ്ട് ഇതിൽ ഓർമ്മപ്പെടുത്തുന്നുണ്ട്. സെപ്തംബർ 8-ാം തീയതി അമ്മയുടെ ജനനപ്പെരുന്നാൾ. അതും സഭ ആചരിക്കുന്നു. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലും പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലും 'Nativity of St Mary'. കർത്താവിന്റെ ജനനപെരുന്നാൾ കൂടാതെ രണ്ട് ജനനപ്പെരുന്നാൾ സഭ ആചരിക്കുന്നുണ്ട്. ഒന്ന് അമ്മയുടെ, രണ്ട് യോഹന്നാൻ മാംദാനായുടെ എന്നാൽ യേശുവിന്റെ ജനന പ്പെരുന്നാൾ ആണ് സഭയുടെ പ്രധാനപ്പെട്ടത്.

**2). വചനാടിസ്ഥാനത്തിൽ പരി. സഭ കൊടുക്കുന്ന പ്രാധാന്യം**

ഏറ്റവും പ്രധാനപ്പെട്ട വചനം യോഹ.19:26. "യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും നിൽക്കുന്നത് കണ്ടിട്ട് സ്ത്രീയേ ഇതാ നിന്റെ മകൻ എന്ന് അമ്മയോടു പറഞ്ഞു. പിന്നെ ശിഷ്യനോടു ഇതാ നിന്റെ അമ്മ എന്നും പറഞ്ഞു. ആ നാഴിക മുതൽ ആ ശിഷ്യൻ ആ അമ്മയെ തന്റെ വീട്ടിൽ കൈകൊണ്ടു."

എന്തുകൊണ്ടാണ് പരി.സഭ, സഭയുടെ ആരാധനാ ജീവിതത്തിൽ അഭിവാജ്യ ഘടകമായി പരി. അമ്മയുടെ, ദൈവമാതാവിന്റെ മദ്ധ്യസ്ഥത, ദൈവമാതാവിന്റെ സാന്നിദ്ധ്യം വിശ്വാസ സമൂഹത്തെ പ്രബോധിപ്പിക്കുകയും ആ പ്രാധാന്യം വളരെയധികമായി സഭ ആചരിക്കുകയും ചെയ്യുന്നതിന്റെ അടിസ്ഥാനം ഒരു പരിധിവരെ പറഞ്ഞാൽ ഈ വാക്യം ആണ്. പിതാക്കന്മാർ പറയുന്നത്, പരി.സഭയുടെ ആരാധന ജീവിതത്തിന്റെ കേന്ദ്രമായിട്ട് ദൈവമാതാവ് തീർന്ന നിമിഷം ഇതാണ്. ഇത് ഭരമേൽപ്പിച്ച് കൊടുത്തത് കർത്താവാണ് സ്വീകരിച്ചത് അപ്പോസ്തോലിക പാരമ്പര്യത്തിന്റെ കേന്ദ്രബിന്ദുവായ യോഹന്നാൻ ആണ്. അങ്ങനെ കർത്താവ് അപ്പോസ്തോലിക സഭാ സമൂഹത്തിന് ആദ്ധ്യാത്മീക ജീവിതത്തിന്റെ ശ്രേഷ്ട മദ്ധ്യസ്ഥതയായി പരി. അമ്മയെ ഏൽപിച്ചു കൊടുത്ത മനോഹര നിമിഷമാണ് തന്റെ ക്രൂശിന് അരികെ.

ഈ ചരിത്ര ലോകത്തിൽ പരി. ദൈവമാതാവിന്റെ പ്രാധാന്യം അമ്മ ദൈവപുത്രനെ ഉദരത്തിൽ വഹിച്ച് ദൈവപുത്രനെ പ്രസവിച്ചു. അതുകൊണ്ടാണ് നമ്മൾ പറയുന്ന മനോഹരമായ വിശേഷണം ''മറിയാം യോൽദാസ് ആലോഹോ" -'ദൈവജനനി' അതാണ് സഭയുടെ വിശേഷണം. "അദൃശ്യനായ ദൈവത്തെ ചരിത്രലോകത്തിൽ അമ്മ ദൃശ്യനായി നൽകി". ("The Invisible God is Visible through St. Mary"). അന്നുവരെ സർവ്വ ശക്തനായ യഹോവയായ ദൈവം ചരിത്ര ലോകത്തിന് സമീപിക്കാൻ പ്രാപ്യമല്ലാത്ത രീതിയിൽ അദൃശ്യനും അകലെയും ആയിരുന്നു. എന്നാൽ അദൃശ്യനായ ദൈവം മറിയാമിലൂടെ ചരിത്ര ലോകത്തിന് ദൃശ്യനായി. ഇതാണ് ലോകത്തിന് അമ്മ നൽകിയ വലിയ സംഭാവന.

ഉല്പത്തി 3:15 "ഞാൻ നിനക്കും സ്ത്രീയ്ക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും." യഹോവയായ ദൈവം പറുദീസായിൽനിന്നു പുറത്താക്കപ്പെട്ട മനുഷ്യനോടും, മനുഷ്യനു പറുദീസാ നഷ്ടപ്പെടുവാൻ കാരണമായ പിശാചിനോടും പറയുന്ന വാക്കുകളാണിത്. പിശാചും ദൈവമാതാവും തമ്മിലുള്ള സംഘർഷം പറുദീസാ നഷ്ടപ്പെട്ട അന്നു തുടങ്ങിയതാണ്. അടുത്ത വാക്യം ഏറ്റവും പ്രധാനപ്പെട്ടതാണ്. "സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ ചതക്കും". ഈ ശത്രുത്വത്തിന്റെ പരിഹാരം എന്താണ് സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ ചതക്കും, സൃഷ്ടിയുടെ ആരംഭം മുതൽ പറുദീസാ നഷ്ടപ്പെട്ട മനുഷ്യവർഗ്ഗം നോക്കി പാർത്തിരുന്ന ഒരു നിമിഷമാണ്. അതുകൊണ്ടാണ് യേശു അമ്മയെ അഭിസംബോധന ചെയ്ത സന്ദർഭങ്ങൾ 4 സുവിശേഷങ്ങളിലും രേഖപ്പെടുത്തു



ത്തിൽനിന്ന് ജീവനിലേക്ക് മനുഷ്യ വർഗ്ഗത്തെ നയിക്കുന്നതിനുവേണ്ടി ചരിത്രം നോക്കി പാർത്തിരുന്ന സ്ത്രീയാണ് പരി. ദൈവമാതാവ്.

**3). ദൈവമാതാവിന്റെ മദ്ധ്യസ്ഥത**

യോഹന്നാനോടു യേശു പറഞ്ഞു ശിഷ്യാ ഇതാ നിന്റെ അമ്മ: കന്യകമറിയാമിനോടു യേശു കുരിശിൽ കിടന്നുകൊണ്ടു പറഞ്ഞു സ്ത്രീയേ ഇതാ നിന്റെ മകൻ ആ നിമിഷം മുതൽ ആ ശിഷ്യൻ അമ്മയെ സ്വഭവനത്തിൽ സ്വീകരിച്ചു. അപ്പോൾ മറിയാം എവിടെ ഉണ്ട് യോഹന്നാന്റെ ഭവനത്തിൽ ഉണ്ട്. യോഹന്നാന്റെ ഭവനം യഥാർത്ഥത്തിൽ പ്രതിനിധീകരിക്കുന്നത് യേശുവിന്റെ മണവാട്ടിയായ പരി. സഭയെയാണ്. മദ്ധ്യസ്ഥത എന്നതിന്റെ അർത്ഥതലം വലുതായി തെറ്റിദ്ധരിക്കപ്പെടുന്നു. പൗലോസ് പ്രതിപാദിക്കുമ്പോൾ അദ്ദേഹം യേശുവിന്റെ ഏക മദ്ധ്യസ്ഥതയെ കുറിച്ചാണ് പറയുന്നത്. പിതാവിനും മനുഷ്യർക്കും ഇടയിൽ ഏക മദ്ധ്യസ്ഥകൻ ആണ് യേശുക്രിസ്തു. ഇവിടെ സഭ പഠിപ്പിക്കുന്നത് കർത്താവായ യേശു മശിഹായുടെ സ്ഥാനത്ത് ഒരു മദ്ധ്യസ്ഥനെയും ശുദ്ധിമതിയെയും പരി. സഭ ആക്കി വെച്ചിട്ടില്ല.

നമുക്ക് വരുന്ന ഒരു തെറ്റിദ്ധാരണയാണിത്. നമുക്ക് നേരം ഇല്ലാത്തത് കൊണ്ട് ദൈവമാതാവും മറ്റു പരിശുദ്ധന്മാരും നമുക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ! എന്ന ചിന്ത തെറ്റാണ്.

ദൈവം നൽകുന്ന കരുണ, ദൈവം നൽകുന്ന പാപപരിഹാരം, ശുദ്ധീകരണം ഇവ ഒന്നും മദ്ധ്യസ്ഥർ നമുക്ക് നൽകുന്നതല്ല. സത്യത്തിൽ നമുക്ക് പകരം എന്നുള്ള ഒരു അർത്ഥവും സുറിയാനി പാരമ്പര്യത്തിൽ മദ്ധ്യസ്ഥതയ്ക്ക് ഇല്ല.

മറിച്ച് ഇതിന്റെ അർത്ഥം നമ്മോടു കൂടെ എന്നാണ്. ആ സമയം മുതൽ ആ ശിഷ്യൻ അമ്മയെ സ്വഭവനത്തിൽ സ്വീകരിച്ചു. അപ്പോൾ അമ്മ ആരുടെകൂടെ ഉണ്ടായിരുന്നു, യോഹന്നാനോടുകൂടെ. യോഹന്നാൻ പ്രാർത്ഥിക്കുമ്പോൾ ആര് കൂടെ പ്രാർത്ഥിക്കും, അമ്മയും കൂടെ പ്രാർത്ഥിക്കും. വി. കുർബ്ബാനയിൽ സ്ലീബായുടെ പ്രഭാത പ്രാർത്ഥനയിൽ ആദ്യത്തെ ഗാനം തന്നെ

"വ്രതമൊടു നിന്നെ പ്രസവിച്ച
നിർമ്മല കന്യകയോടുകൂടെ
നിൻ സ്തുതി പാടാൻ കർത്താവേ
ഞങ്ങൾക്കർഹതയേകണമെ"

പരി. മാതാവിനോടുകൂടെ (ഒപ്പം) ഞങ്ങൾ നിന്നെ സ്തുതിക്കുന്നു അതാണ് നമ്മെ സംബന്ധിച്ചും മദ്ധ്യസ്ഥത. ഓഗസ്റ്റ് 15-ാം തീയതി നാം ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളിലൂടെ കടന്നുപോകുമ്പോൾ അമ്മയോട് (ഒപ്പം) ദൈവത്തിന് സ്തുതിയും സ്തോത്രവും അർപ്പിക്കാനും പകർച്ച വ്യാധി ലോകത്തിൽനിന്ന് തുടച്ചു നീക്കുവാൻ അമ്മയുടെ മഹാവലിയ മദ്ധ്യസ്ഥതവഴി ദൈവത്തിൽ നിന്ന് കരുണ പ്രാപിപ്പാൻ എല്ലാവർക്കും ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

എല്ലാവർക്കും ശൂനോയോ പെരുന്നാളിന്റെ അനുഗ്രഹം നേരുന്നു.

മ്പോൾ അവർ ഉപയോഗിച്ചിരുന്ന വാക്ക് സ്ത്രീ, സ്ത്രീ എന്നാണ്. കാരണം ഏബ്രായക്കാർ നോക്കിപ്പാർത്തിരുന്ന ഒരു സ്ത്രീ ഉണ്ടായിരുന്നു. വി. മത്തായി ശ്ലീഹായും, വി. മർക്കോസും, വി. ലൂക്കോസും, വി. യോഹന്നാനും വ്യക്തമായി പഠിപ്പിച്ച ആ സ്ത്രീ ഈ സ്ത്രീയാണ്.

ഏബ്രായാ ചരിത്രത്തിന്റെ ആരംഭം മുതൽ മനുഷ്യവർഗ്ഗം നോക്കിപ്പാർത്തിരിക്കുന്ന ആ സ്ത്രീ പരി. ദൈവമാതാവ് ആണ്. അതുകൊണ്ടാണ് കുരിശിന്റെ ചുവട്ടിൽ തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും നിൽക്കുന്നത് കണ്ടിട്ട് യേശു അമ്മയെ 'അമ്മേ' എന്നല്ല വിളിച്ചത്. "**സ്ത്രീയേ ഇതാ നിന്റെ മകൻ**" കാനാവിലെ കല്യാണ വിരുന്നിലും ഉപയോഗിച്ചത് 'സ്ത്രീയേ' എന്നാണ്. യഥാർത്ഥത്തിൽ ഇത് സുവിശേഷകരുടെ വിവരണമാണ്. സുവിശേഷകർ അങ്ങനെ വിശദീകരിക്കുന്നതിനു കാരണം ഉല്പ.3:15 വാക്യം ആണ്. കാരണം സൃഷ്ടിയുടെ ആരംഭം മുതൽ രക്ഷാകര ചരിത്രത്തിൽ/വിമോചന ചരിത്രത്തിൽ നോക്കിപ്പാർത്തിരിക്കുന്ന, അദൃശ്യനായ ദൈവത്തെ ചരിത്രലോകത്തിലേക്ക് കൊണ്ടുവരാൻ ഒരു സ്ത്രീ. എന്തിനുവേണ്ടി എന്നു ചോദിച്ചാൽ സർപ്പത്തിന്റെ തലയെ ചതയ്ക്കുവാൻ, പിശാചിന്റെ ബന്ധനത്തിൽനിന്ന് മനുഷ്യവർഗ്ഗത്തെ മോചിപ്പിച്ച് മരണ



# മലർവാടിക്കൂട്ടം

വിതച്ച വിത്തൊക്കെ കാക്കകൾ കൊത്തിത്തിന്നു ന്നു, കർഷകന് പൊറുതി മുട്ടി. അയാൾ പാടത്ത് വലയൊരുക്കി.

ഒരു പ്രാവിന്റെ പിന്നാലെ പറക്കുകയായിരുന്നു പരുന്ത്. അന്നത്തെ ആഹാരത്തിന് അതുമതി. വാശി യോടുള്ള പറക്കലാണ്. സ്വയം മറന്നുപോയ പരുന്ത് വലയിൽ കുടുങ്ങിപ്പോയി. പ്രാവ് രക്ഷപെടുകയും ചെയ്തു. ചിറകിട്ടടിക്കുന്ന പരുന്തിന്റെ അടുക്ക ലേയ്ക്ക് കർഷകൻ ചെന്നു. അപ്പോൾ പരുന്ത് പറ ഞ്ഞു.

ഞാൻ നിങ്ങൾക്ക് ഒരു ഉപദ്രവവും ചെയ്തിട്ടില്ല. ഞാൻ മാന്യനും മര്യാദക്കാരനുമാണ്. ഒരു പ്രാവിനെ പിന്തുടർന്ന് ഞാൻ വലയിൽ അകപ്പെട്ടു എന്നതാണ് സത്യം. അതിനാൽ എന്നെ താങ്കൾ സ്വതന്ത്രനാക്ക ണം.

നീ മര്യാദക്കാരനായിരിക്കാം. എനിക്ക് ഉപദ്രവം ചെയ്തിട്ടില്ലെന്നും സമ്മതിക്കാം. പക്ഷേ നിനക്ക് എന്തു തരത്തിലുള്ള ഉപദ്രവം ചെയ്തിട്ടാണ് പ്രാവിനെ കൊല്ലാൻ നീ പറന്നത്. കർഷകൻ ചോദ്യ ത്തിനുശേഷം തെല്ലൊന്നു നിർത്തി. നിനക്ക് ഉത്തരം നൽകാൻ കഴിയില്ലെന്നു തീർച്ച. അതിനാൽ ബഹു മാന്യനായ പരുന്തേ, നീ പറഞ്ഞ മാന്യത സൂക്ഷി ച്ചുകൊണ്ടുതന്നെ ഞാൻ നിന്നെ ഞെരിച്ചുകൊല്ലട്ടെ.

*(മാന്യതയും അന്തസ്സും സംസാരത്തിൽ മാത്രമല്ല, പെരുമാറ്റത്തിലും ഉണ്ടാവണം)*

സസ്നേഹം

**കൊച്ചേട്ടൻ**



## ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

1. ആരുടെ കണ്ണിലാണ് യേശു തുപ്പിയത്?
2. ഉദരത്തിൽ വച്ചുതന്നെ പ്രവാചകനായി നിയമിത നായ ആൾ ആരായിരുന്നു?
3. ജനനദിവസത്തെ ശപിച്ച പ്രവാചകൻ ആര്?
4. ലുത്തിനിയാകൾ ചേർത്തിരിക്കുന്ന ശുശ്രൂഷകൾ എത്ര?
5. ''മഹോന്നതന്റെ മറവിലിരിക്കുന്നവൻ... എന്ന് സൂത്താറ പ്രാർത്ഥനയിൽ ചൊല്ലുന്ന അപേക്ഷ രചിച്ച സഭാപിതാവാര്?
6. പ്രത്യേക പ്രാർത്ഥനകൾ ഉപയോഗിക്കുന്ന നോമ്പു കൾ എത്ര?
7. വംശാവലി ഞായർ എന്നറിയപ്പെടുന്ന ദിവസം ഏത്?
8. കർത്താവിന്റെ പെരുന്നാൾ, കർത്താവിനോടു ബന്ധ മുള്ള പെരുന്നാൾ എന്നറിപ്പെടുന്ന പെരുന്നാളുകൾ ഏത്?
9. "വി. സ്ലീബാ ദേവാലയ മദ്ധ്യത്തിൽ ഗോഗുൽത്താ യുടെ മുകളിൽ ഉയർത്തപ്പെടുന്നു ഇത് ഏതു ദിവ സത്തെ (നോമ്പിന്റെ) പ്രാധാന്യം ആണ്?
10. ദുഃഖവെള്ളിയാഴ്ചയുടെ ആദ്യ പ്രദക്ഷിണത്തിൽ പുരോഹിതർ തോളിൽ സ്ലീബാ വയ്ക്കുന്നത് ഏതു രീതിയിൽ?

**ജൂലൈ മാസത്തിലെ ഉത്തരങ്ങൾ**

1. 42-ാം ദിവസം- 6-ാം ഞായർ
2. സെപ്റ്റംബർ -8ന്
3. സ്ലീബാ ആഘോഷം
4. അവൻ സത്യമായും ഉയർത്തെഴുന്നേറ്റു എന്ന് ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു.
5. യെരുശലേമിനോട് (യിരെ.4:14)
6. യിരെമ്യവ് (19:1)
7. രണ്ട് (കർത്താവ് ജനിച്ചു എന്ന സദ്വാർത്ത, ഉയിർത്തെഴുന്നേറ്റ് എന്ന രക്ഷണ്യവാർത്ത
8. പക്ഷവാതക്കാരനോട് (മർക്കോ.2:5)
9. അബ്യാഥാർ പുരോഹിതന്റെ കാലത്ത് മർക്കോ. 2:26
10. 200 വെള്ളിക്കാശ് (മർക്കോ.6:37)

## 2 – ാം ചരമവാർഷികം
06- 09 -2020



# V. P. THOMAS
## VILAYIL, RANNY

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 2 – ാം ചരമവാർഷികം
22- 08 -2020



# കെ. എം. ഏബ്രഹാം
## (കുഞ്ഞുകുഞ്ഞ്)
## കറുകേലിൽ, തിരുവൻവണ്ടൂർ

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 3 – ാം ചരമവാർഷികം
08-08-2020




# M. K. ഏബ്രഹാം
## (കുഞ്ഞൂഞ്ഞുകുട്ടി)
## മണലിത്തറ, തെങ്ങേലി

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 21 – ാം ചരമവാർഷികം
06 – 09 – 2020



# Very. Rev. Dr. M. K. തോമസ്സ്
## കോർ – എപ്പിസ്കോപ്പ
## മണലിത്തറ, തെങ്ങേലി

“ആചാര്യേശാ മിശിഹാ കുദാശകളർപ്പിച്ചോരീ
ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം”

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 1 – ാം ചരമവാർഷികം

**15-08-2020**



## N.U. CHACKO (83)

**(PAPPACHEN)**

**Neduvoppil, Eara**

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 1 – ാം ചരമവാർഷികം

**19-08-2020**



## K.Onittan (Kunjumon)

**Otharaputhuvalil House**
**Anchani, Ranny**

Sorrowing Family

Advt -O

## 3 – ാം ചരമവാർഷികം

**25 – 08 – 2020**



## ഗ്രേസി ഏബ്രഹാം

**ചരിവുപറമ്പിൽ, കല്ലിശ്ശേരി**

ഭർത്താവ്- *C.I. Abraham*
മക്കൾ- *Roji C Abraham. Robi C Abraham.*
മരുമക്കൾ- *Linju Roji, Bincy Robi.*
കൊച്ചുമക്കൾ- *Rahul, Rohan, Levin, Bevan*

Advt -O

## 40 – ാം ചരമദിനം

**20-08-2020**




## അന്നമ്മ ജേക്കബ്

**കൈതാരത്ത് പുത്തൻപീടികയിൽ,**
**വെണ്ണിക്കുളം**

"ഞാൻ നല്ലപോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു.
ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു".

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O



## 2nd Birthday in Heaven

20-08-2020

# Rajan
## (Mathew)

**Pulimoottil,**
**Chellackadu,**
**Ranny.**

"ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ,
എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ.
ഞാൻ എന്റെ ആത്മാവിനെ അവന്റെ മേൽ വച്ചിരിക്കുന്നു"
യെശയ്യാവു 42:1

By Sorrowing Family

Advt -S

## 40-ാം ചരമദിനം


**18-08-2020**



## K.K. Kurian
## (കുര്യച്ചൻ)

## 1st Year of Demise

04-08-2020



## K.K.Kuriakose
## (Thampykunju)

**Karikottu (House), Kurichy**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

By Sorrowing Family

Advt -R

**46 –ാം ചരമവാർഷികം**
18 – 08 – 2020

**2 –ാം ചരമവാർഷികം**
22 – 08 – 2020





## സി. കെ. മാത്യു (പാപ്പച്ചൻ)

## റ്റിറ്റിമോൻ മാത്യു

**കട്ടയിൽ ചേലപ്പറമ്പിൽ,**
**കൊല്ലാട്, കോട്ടയം**

"ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

**4 –ാം ചരമവാർഷികം**
13 – 08 – 2020



## V. T. Joseph


**Vettimoottil, Mundapuzha, Ranni**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

**11 –ാം ചരമവാർഷികം**
05 – 08 – 2020



## കെ. മാത്യു


**ഉള്ളാട്ടിൽ, ഓതറ, തിരുവല്ല**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

***9th Year of Demise***
21 – 08 – 2020



## Lt.Col.M.C.Abraham (Retd.)

**(Kunjavarachen),**
**Bangalore, Vellayampallil House, Kattode**

*'For the trumpet will sound,*
*the dead will be raised imperishable'*

*Deeply missed and lovingly remembered by:*
*Wife,Daughters,Sons-in-law,Grand children,*
*Great Grand children, Relatives & Friends*

Advt -G

## 9 – ാം ചരമവാർഷികം

30 – 08 – 2020



# മറിയാമ്മ ജോസഫ്

**മണക്കാട്ട്, പള്ളം**

നിന്നരികിലേക്കുള്ള യാത്രയിൽ ഒരുവിളിപ്പാടകലെയാണെങ്കിലും
നിത്യവും നിന്നെ സ്മരിക്കുന്നു ഞങ്ങൾ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 2 – ാം ചരമവാർഷികം

17 – 08 – 2020



# Benny Kuriakose

**Thekkemadathil, Chingavanam**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 2 – ാം ചരമവാർഷികം

07 – 08 – 2020



# K. J. Abraham (Thampi)

**Kannamthanathu House, Ranny**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 3rd Death Anniversary

08 – 09 – 2020



# Anu Elias

**W/o Chinchu Rony**

**Chingavanam**

ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി പ്രാർത്ഥനയോടെ

തറയിൽ മുളയ്ക്കാംചിറ & കാളിശ്ശേരിൽ കുടുംബാംഗങ്ങൾ

Advt -O

# 15th Death Anniversary

14-08-2020



# Chev. P. A. Mathew

## (Mathukutty)

**Palliampil, West Othera, Thiruvalla**

**POABS GROUP**

Advt -S

## വേർപാടിന്റെ 23 – ാം വർഷം

01 – 09 – 2020



## Ittiyavera Abraham

**(Kunjumon)**

## വേർപാടിന്റെ 2 – ാം വർഷം

18 – 09 – 2020



## Mariamma Ittiyavera

**(Mariammakutty)**

**Manimaleth House**
**Nellickamon P. O, Ranny**

Advt - S



## 8 – ാം ചരമവാർഷികം

15 – 08 – 2020

## ഷിജു ജേക്കബ്

**മണക്കാലയിൽ**

**കുറ്റൂർ, തിരുവല്ല**

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

ഭാര്യ – ബീന ഷിജു
മകൾ – അനീക ഷിജു

**മണക്കാലയിൽ & മണലേൽച്ചിറയിൽ (കോട്ടയം)**
**കുടുംബാംഗങ്ങൾ**

Advt - O

## 1 –ാം ചരമവാർഷികം

**30-08-2020**



## കുഞ്ഞൂഞ്ഞമ്മ തങ്കച്ചൻ

മേലേക്കുറ്റ്, ഐത്തല, റാന്നി


"മരിക്കാത്ത ഓർമ്മകളുമായി നിത്യതയിൽ
കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 2nd Death Anniversary

**22-08-2020**



## Kurian Abraham (Azokan)

(Founder, Proprietor of Mount Sahiya group of Industries)

**Ampuran Kunnumpurath**
**Kottayam**

Sorrowing Family

Advt -O

## ഒന്നാം ചരമവാർഷികം

**11-08-2020**



## T.C. PHILIP

തെക്കേടത്ത്, വെള്ളൂത്തുരുത്തി (നീലംപേരൂർ)

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"
ഭാര്യ – തങ്കമ്മ ഫിലിപ്പ്, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ
(Shibily, Shebin, Nathan, Sera)

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 22 –ാം ചരമവാർഷികം

**20 - 08 - 2020**



## എം.സി. ഏബ്രഹാം (തമ്പി)

മുക്കാട്ട്, കുറിച്ചി (ചിങ്ങവനം)

*കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ*
*നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമെ*

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

# സന്തോഷം ലഭിക്കാനുള്ള പ്രായോഗിക വഴികൾ

സ്മിജു ജേക്കബ് മറ്റയ്ക്കാട്ട്

ജീവിതത്തിൽ സന്തോഷം ആഗ്രഹിക്കാത്ത ആരും തന്നെ ഉണ്ടാകുകയില്ല. സന്തോഷവും സമാധാനവുമുള്ള ജീവിതം സ്വപ്നം കാണുന്നവരാണ് നാമെല്ലാം. ആളുകളെ ചിരിപ്പിക്കുവാനുള്ള ലാഫിംഗ് ഗ്യാസ് പോലെ ചില പൊടിക്കൈകൾ ശാസ്ത്രം കണ്ടു പിടിച്ചിട്ടുണ്ടെങ്കിലും ജീവിതത്തിൽ സന്തോഷം ലഭ്യമാക്കാനുള്ള മരുന്നൊന്നും ഇന്നും ലഭ്യമല്ല. എന്നാൽ നമ്മുടെ ചിന്തകളിലും ശീലങ്ങളിലും ചില മാറ്റങ്ങൾ വരുത്തിയാൽ ഒരു പരിധിവരെ ജീവിതം സന്തോഷപ്രദമാക്കാം. അതിനുള്ള ചില പ്രായോഗിക വഴികൾ നോക്കാം.

**ജീവിതത്തെ പ്രതീക്ഷയോടെ കാണുക.**

പ്രശ്നങ്ങളിലുടെയും പ്രതിസന്ധികളിലൂടെയും കടന്നു പോകുന്ന നമ്മുടെ ജീവിതത്തിൽ ശുഭപ്രതീക്ഷ എപ്പോഴും നിലനിർത്തുക. എല്ലാത്തിനും അതിന്റേതായ സമയമുണ്ട്, എന്ന ശുഭാപ്തി വിശ്വാസം ഉള്ളിൽ കൊണ്ടു നടക്കുക. സന്തോഷങ്ങളും സങ്കടങ്ങളും നമുക്ക് തിരിച്ചറിവുകളും അനുഭവ പാഠങ്ങളും നൽകുന്നു. ജീവിതത്തിൽ പ്രതീക്ഷയോടെ കൺമുമ്പിലുള്ള നല്ലതിനെ മാത്രം കാണാൻ പ്രാപ്തനാകുക എന്നതാണ്, സന്തോഷത്തിലേക്കുള്ള എളുപ്പ വഴി.

**സന്തോഷത്തിന് ദൈവവിശ്വാസം പരമപ്രധാനം.**

വിശ്വാസം അതല്ലേ പ്രധാനം. വിശ്വാസം എന്നത് ദൈവ പരിപാലനത്തിൽ ആശ്രയിക്കുന്ന മനോഭാവമാണ്. ഓരോ നിമിഷത്തിലും നമ്മൾ ചെയ്യുന്ന ഒരോ കാര്യങ്ങളും ദൈവ വിശ്വാസത്തിൽ മനസ്സർപ്പിച്ചു ചെയ്യുക. പല കാര്യങ്ങളും ജീവിതത്തിൽ സംഭവിക്കുമ്പോൾ അതിന്റെ അർത്ഥം നമുക്ക് മനസ്സിലാകുന്നില്ലെങ്കിൽപോലും ദൈവത്തിൽ വിശ്വാസമർപ്പിക്കുക. മനസ്സിൽനിന്ന് ദൈവവിശ്വാസം പടിയിറങ്ങുമ്പോൾ അവിടെനിന്ന് സന്തോഷവും പടിയിറങ്ങും. അതിനാൽ സന്തോഷം ലഭിക്കുവാനുള്ള വിലപിടിപ്പുള്ള വഴികളിലൊന്നാണ് ദൈവവിശ്വാസം പുലർത്തുക എന്നത്.

**സാധാരണ കാര്യങ്ങളിൽ സന്തോഷം കണ്ടെത്തുക**

ജീവിതം പലപ്പോഴും അങ്ങനെയാണ്. നാം സ്വപ്നം കണ്ടതും ആഗ്രഹിച്ചതും നമ്മളെത്തേടി വരണമെന്നില്ല, എന്നാൽ നമ്മൾ ആഗ്രഹിക്കാത്ത പലതും നമ്മളെ തേടി വരും. നഷ്ടമായതിനെ തിരിച്ചു പിടിക്കാനുള്ള വ്യഗ്രതയിൽ പലപ്പോഴും നാം നേടിയെടുത്തതിന്റെ സന്തോഷത്തെ കാണാതെ പോകും. ആയതിനാൽ ഉള്ളതിന്റെ മേന്മയിൽ സന്തോഷം കണ്ടെത്തുകയാണ് ജീവിതത്തിൽ പ്രധാനം.

**നല്ല ചിന്തകൾ സന്തോഷങ്ങൾ നൽകും.**

ചിന്തയാണ് മനുഷ്യന്റെ എല്ലാ വികാരങ്ങളേയും നിയന്ത്രിക്കുന്നത്. ജീവിതത്തിൽ നല്ല ചിന്തകളെ സ്വീകരിക്കുവാനും ചീത്തയായവയെ തള്ളിക്കളയുവാനും നമുക്ക് സാധിക്കണം. മറ്റുള്ളവർക്ക് സന്തോഷം കൊടുക്കുമ്പോഴാണ് നമുക്ക് അനിർവചനീയമായ സന്തോഷം ലഭ്യമാകുന്നത്. നല്ല ചിന്തകൾ ഉണ്ടാകുവാൻ ഹൃദയ വിശാലതയുള്ളവരാകണം. നമ്മുടെ മനസ്സിലെ ചിന്തകൾ, അത് ശുദ്ധമാണെങ്കിൽ, സന്തോഷം ഒരു നിഴൽപോലെ നമ്മളെ പിൻതുടരും തീർച്ച.

**സമയത്തെ ഫലപ്രദമായി ഉപയോഗിക്കുക**

ജീവിതത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്നവർ സമയം പാഴാക്കില്ല, കാരണം ഈ സമയമാണ് നമ്മുടെ ജീവിതം. നമ്മൾ സമയത്തിന്റെ അടിമകളാകാതെ, സമയത്തെ നമ്മളുടെ നിയന്ത്രണത്തിലാക്കുക. ഓരോ ദിവസത്തെയും പ്രവർത്തനങ്ങൾ മുൻകൂട്ടി പ്ലാൻ ചെയ്യുകയും, മുൻഗണനാക്രമത്തിൽ ചെയ്തു തീർക്കുകയും ചെയ്യുക. പ്രയോജനരഹിതമായ പ്രവൃത്തികൾ ഒഴിവാക്കുക. ആരോഗ്യ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും, വായനയ്ക്കും, വിശ്രമത്തിനും, പ്രാർത്ഥനയ്ക്കുമൊക്കെ സമയം നീക്കിവെയ്ക്കുക. ഭൂമിയിൽ എല്ലാവർക്കും തുല്യമായി കിട്ടിയ സമയത്തെ ഫലപ്രദമായി ഉപയോഗിക്കുന്നവർക്ക് സന്തോഷം തീർച്ചയായും ലഭിക്കും.



**ചെയ്യുന്ന ജോലിയിൽ സംതൃപ്തരാകുക**

നമ്മുടെ കഴിവുകൾക്കനുസരിച്ചുള്ള ജോലികളിൽ ഏകാഗ്രതയോടെ ഏർപ്പെടുമ്പോൾ നമുക്ക് സന്തോഷം ലഭിക്കും. അതിനാൽ കഴിവും താല്പര്യവുമുള്ള ജോലികൾ കണ്ടെത്തി അവ ചെയ്യുന്നത് ജീവിതത്തിൽ കൂടുതൽ സന്തോഷം ലഭിക്കുവാനിടയാകും. ഒരു പക്ഷെ ലഭ്യമായ ജോലിയിൽ നമ്മൾ സന്തുഷ്ടനല്ലെങ്കിലും, സന്തുഷ്ടനെപ്പോലെ പ്രവർത്തിക്കുക. ഓരോ ചലനത്തിലും, ആത്മവിശ്വാസവും ഉത്സാഹവും പ്രകടിപ്പിക്കുക. പുഞ്ചിരിക്കുക, മൂളിപ്പാട്ട് പാടുക, തമാശ പറയുക, ഇങ്ങനെയുള്ള ഗുണാത്മകമായ മനോഭാവം വെച്ചു പുലർത്തുമ്പോൾ ചെയ്യുന്ന ജോലിയിൽ സന്തുഷ്ടിയും സംതൃപ്തിയും നിറയ്ക്കുവാ

നും, അങ്ങനെ ജീവിതത്തെ സന്തോഷത്തോടെ കാണുവാനും കഴിയും.

**നല്ല സൗഹൃദങ്ങൾ സന്തോഷങ്ങൾ നൽകും**

നല്ല സുഹൃത്തുക്കൾ ജീവിതത്തിലെ ഭാഗ്യമാണ്. അവർ നമുക്ക് സന്തോഷം നൽകുന്നവരുമാണ്. നമ്മുടെ ശരീരത്തിനും മനസ്സിനും ആത്മവിശ്വാസമേകുവാൻ നല്ല സുഹൃത്തുക്കളുടെ സാമീപ്യം സഹായിക്കുന്നു. എണ്ണമില്ലാത്ത സൗഹൃദങ്ങൾ പ്രയോജനപ്രദമാകണമെന്നില്ല. പകരം നമ്മുടെ എല്ലാ ന്യൂനതകളും കണ്ടുപിടിച്ച് നമ്മോടു പറയുകയും അന്യരുടെ മുമ്പിൽ മറച്ചുവെയ്ക്കുകയും ചെയ്യുന്ന യഥാർത്ഥ സുഹൃത്തുക്കൾ ഉണ്ടാകുമ്പോൾ ജീവിതത്തിൽ സന്തോഷത്തിന്റെ സൂര്യൻ നിങ്ങളുടെ ആകാശത്തും ഉദിക്കും.

**വ്യായാമവും സുഖനിദ്രയും അനിവാര്യം.**

ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സ് ഉണ്ടാകുകയുള്ളു. അതുപോലെ ആരോഗ്യമുള്ള ശരീരത്തേയും മനസ്സിനേയും ജീവിതത്തിൽ എപ്പോഴും കാത്തുസൂക്ഷിക്കുക. പതിവായുള്ള വ്യായാമവും, വിശ്രമവും സന്തോഷത്തിന് അത്യന്താപേക്ഷിതമാണ്. നല്ല ചിന്തകളോടെ ഉറങ്ങുന്നത് സുഖനിദ്ര സുഗമമാക്കും. സുഖനിദ്ര ഊർജ്ജസ്വലതയും സന്തോഷവും പ്രദാനം ചെയ്യും.

**കൃത്യമായ സമയത്ത് തീരുമാനം എടുക്കുക**

ജീവിതം എന്താണ് നമുക്ക് കരുതി വെച്ചിരിക്കുന്നതെന്ന്, ആർക്കും മുൻകൂട്ടി പ്രവചിക്കുവാൻ സാധിക്കില്ല. ജീവിതം വെച്ചു നീട്ടുന്ന ഏതു പ്രതിസന്ധികളേയും മനഃശക്തിയോടെ നേരിടുവാനും കൃത്യമായ സമയത്ത് കൃത്യമായ തീരുമാനങ്ങൾ എടുത്ത് മുന്നോട്ട് പോകുവാനും കഴിയണം. നമ്മുടെ ജീവിതത്തിലെ തെറ്റും ശരിയും നാം ആണ് തീരുമാനിക്കുന്നത്. അതിനാൽ പലപ്പോഴും നാം ചിന്താശക്തിയോടെ എടുക്കുന്ന തീരുമാനത്തിൽ ഉറച്ച് മുന്നോട്ട് പോകുന്നതുകൊണ്ട് വൈകിയാലും ജീവിതത്തിൽ സന്തോഷം ലഭ്യമാകും.

**ലഭ്യമായ അനുഗ്രഹങ്ങളെ നന്ദിപൂർവ്വം സ്മരിക്കുക**

പ്രതിസന്ധികളും പ്രശ്നസങ്കീർണ്ണവുമായ ഈ കാലഘട്ടത്തിൽ നമുക്ക് ലഭ്യമായിരിക്കുന്ന അനുഗ്രഹങ്ങളേയും സൗഭാഗ്യങ്ങളേയും ഒന്നൊന്നായി ദിവസവും ഓർക്കുക. അവയ്ക്ക് ദൈവത്തോട് നന്ദി പറയുക. ഓരോ ദിവസത്തേയും സന്തോഷത്തോടെ സ്മരിക്കുന്നതും ധ്യാനിക്കുന്നതും, ആത്മാവിനെ പരിപോഷിപ്പിക്കുന്നതും നമ്മുടെ ഉള്ളിൽ സന്തോഷം നിറയാൻ സഹായകരമാകും.

അതിനാൽ ജീവിതത്തിലെ സന്തോഷത്തെ തേടി നമ്മളൊരിടത്തും പോകേണ്ട കാര്യമില്ല. സന്തോഷം നമ്മോടൊപ്പം തന്നെയുണ്ട് സന്തോഷത്തെ സ്വയം കണ്ടെത്തി നമ്മുടെ മനസ്സിൽ നിറയ്ക്കുക. എല്ലാവരിലും സന്തോഷം നിറയട്ടെ.

---

**അനുസ്മരണം**

# ഷെവ. ജേക്കബ് സ്റ്റീഫൻ

### റോയി മാത്യൂസ് കോർ- എപ്പിസ്ക്കോപ്പ മുളമൂട്ടിൽ



റാന്നിയുടെ രാഷ്ട്രീയ സാമൂഹിക സാംസ്ക്കാരിക ആദ്ധ്യാത്മിക മേഖലകളിൽ സജീവ സാന്നിദ്ധ്യമായി പ്രവർത്തിച്ച ആഭരണീയനായ ഷെവ. ജേക്കബ്സ്റ്റീഫൻ. വളഞ്ഞംതുരുത്തിൽ വി.പി. ചാക്കോയുടെയും കല്ലംപറമ്പിൽ അച്ചാമ്മയുടെയും മകനായി 1922 ജൂലൈ രണ്ടിന് ജനിച്ചു. റാന്നി പഴവങ്ങാടി ഗവ. സ്കൂളിൽ പഠനം തുടർന്ന് M.S. H. School -ൽ നിന്നും E S.SLC വിജയം, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽനിന്നും B.A. ബിരുദം, എറണാകുളം ലോകോളേജിൽനിന്നും നിയമബിരുദം തുടർന്ന് കുറെക്കാലം അഭിഭാഷകവൃത്തി. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭത്തിൽ ജയിൽവാസം, A.I.C.C പ്രതിനിധി, റാന്നി സെന്റ് തോമസ് കോളേജിന്റെ സ്ഥാപക നേതാവും ആദ്യകാല സെക്രട്ടറി, ലയൺസ് ക്ലബ്ബ് ഇന്റർനാഷണൽ ഡിസ്ട്രിക് ഗവർണർ, ക്നാനായ സമുദായ സെക്രട്ടറി, കേരളാ കോൺഗ്രസ് ലീഡർ- ഗ്രന്ഥകർത്താവ് എന്നീ നിലകളിൽ ശോഭിച്ചിരുന്ന ഷെവ. ജേക്കബ് സ്റ്റീഫൻ ക്നാനായ സമുദായത്തിനും സമൂഹത്തിനുംവേണ്ടി ചെയ്ത സേവനങ്ങൾ വിലപ്പെട്ടതാണ്. 1964 മുതൽ മലങ്കര സഭാ മാനേജിംഗ് കമ്മറ്റിയിൽ പ്രവർത്തിച്ചു. ഈ കാലഘട്ടത്തിൽ (1967) റഷ്യയിൽ നിന്നും വ്ളാഡിമർ എന്ന പദവിയും ലഭിച്ചു.

അന്തോഖ്യാ സിംഹാസനത്തിനുവേണ്ടിയും യാക്കോബായ സഭയ്ക്കുവേണ്ടിയും അക്ഷീണം പ്രവർത്തിച്ചതിന്റെ പാരിതോഷികമായി പരി. സിംഹാസനത്തിൽനിന്ന് ഷെവലിയർ പദവിയും ലഭിച്ചു.

